# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

# തൃശ്ശൂർ – 680020

# ഇ-മെയിൽ: dotsr.ksad@kerala.gov.in

# ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (എം.2)-362/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (എം.2)-362/2022 തീയ്യതി: 23/06/2022

# തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 83 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 83 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജി.കെ. | ജോയിന്റ് ഡയറക്ടർ | 13-01-2022 | 02-02-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-01-2022 | 02-02-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശിവപ്രിയ സന്തോഷ് | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 12-11-2020 | 27-12-2020 |
| പി.എൻ.സുരേന്ദ്രൻ | ചെയർമാൻ | 28-12-2020 | 31-03-2021 |
| മുഹമ്മദ് അനസ് | സെക്രട്ടറി | 01-04-2020 | 28-01-2021 |
| മനോജ്.കെ.കെ | സെക്രട്ടറി | 29-01-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മഹേന്ദ്ര.പി.എ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| വൈകുണ്ഠൻ.എൽ.എസ് | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.ബിജു.പി.ജി | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.രാധിക.എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സ്മിത രവി | മെഡിക്കൽ ഓഫീസർ, ഗവ.വിഷവൈദ്യ ആശുപത്രി | 01-04-2020 | 22-12-2020 |
| ഡോ.ഷെറിൻ.കെ | മെഡിക്കൽ ഓഫീസർ, ഗവ.വിഷവൈദ്യ ആശുപത്രി | 23-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| സിമി റോസ് ആൻഡ്രൂസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2020 | 17-02-2021 |
| ജോയ്നി ജേക്കബ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 18-02-2021 | 31-03-2021 |
| സ്മിത.എം.കെ | കൃഷി ഓഫീസർ, വടക്കാഞ്ചേരി | 01-04-2020 | 31-03-2021 |
| രേഖ.സി.ആർ | കൃഷി ഓഫീസർ, മുണ്ടത്തിക്കോട് | 01-04-2020 | 24-02-2021 |
| സ്മിത.എം.കെ | കൃഷി ഓഫീസർ, മുണ്ടത്തിക്കോട് (അഡീഷണൽ ചാർജ്ജ്) | 25-02-2021 | 07-03-2021 |
| ശ്വേത.വി.ഐ | കൃഷി ഓഫീസർ, മുണ്ടത്തിക്കോട് | 08-03-2021 | 31-03-2021 |
| ഡോ.വി.എം.ഹാരിസ് | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ചന്ദ്രശേഖരൻ.വി | പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്, വടക്കാഞ്ചേരി | 01-04-2020 | 20-06-2020 |
| വിജന.എ.വി | പ്രിൻസിപ്പൽ, ജി.വി.എച്ച്.എസ്.എസ്, വടക്കാഞ്ചേരി | 21-06-2020 | 31-03-2021 |
| ശോഭന.എം.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച മുൻസിപ്പൽ നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും നഗരസഭയും | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control) | 1-1-2 |
| 4 | വാർഷികധനകാര്യ പത്രിക | 1-2 |
| 5 | ഫണ്ട് വിനിയോഗം | 1-3 |
| 6 | സാമ്പത്തികവിശകലനം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല- വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല | 1-11 |
| 14 | വസ്തു നികുതി- ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-12 |
| 15 | വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-13 |
| 16 | Prior Period Items-രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകളില്ല | 1-14 |

| | | |
|---|---|---|
| 17 | ജേണൽ വൌച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൌച്ചറുകൾ ഇല്ല | 1-15 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-16 |
| 19 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഇല്ല | 1-17 |
| 20 | മുൻകൂർ രജിസ്റ്റർ എല്ലാ രേഖപ്പെടുത്തലകളും വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-18 |
| 21 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തി നിർമാണം- തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-19 |
| 22 | വായ്പ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല | 1-20 |
| 23 | ബാധ്യത ശീർഷകങ്ങളും തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-21 |
| 24 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-22 |
| 25 | ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-23 |
| 26 | കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് കൃത്യത ഇല്ലാത്തതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-24 |
| 27 | വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ | 1-25 |
| 28 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-26 |
| 29 | എ.സി.ആർ പ്രകാരമുള്ള ചെലവും,ഇ-ബിൽ സ്റ്റേറ്റ്മന്റു പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല | 1-27 |
| 30 | രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ | 1-28 |
| 31 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-29 |
| 32 | വാടക - അപാകതകൾ | 1-30 |

| | | |
|---|---|---|
| 33 | തൊഴിൽ നികുതി - അപാകതകൾ | 1-31 |
| 34 | വിവിധ വരവിനങ്ങൾ വാർഷിക കണക്കിൽ പൊരുത്തപ്പെടുന്നില്ല | 1-32 |
| 35 | പബ്ലിക് കംഫർട്ട് സ്റ്റേഷൻ -വരവിലെ അപാകതകൾ | 1-33 |
| 36 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. | 1-34 |
| 37 | ആംബുലൻസ് കളക്ഷൻ - അപാകതകൾ | 1-35 |
| 38 | പുതിയതായി തനത് ഫണ്ട് അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-36 |
| 39 | കപാറികളുടെ വിവരം ലഭ്യമാക്കിയില്ല | 1-37 |
| 40 | ചെക്കുകൾ അടിയന്തിരമായി നഗരസഭ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ് | 1-38 |
| 41 | റോഡ് കട്ടിങ്ങ് ചാർജ്ജ് ഈടാക്കിയില്ല | 1-39 |
| 42 | കെട്ടിടത്തിന്റെ മുഴുവൻ വിസ്തൃതിയ്ക്കും വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ് | 1-40 |
| 43 | വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു | 1-41 |
| 44 | ചട്ടപ്രകാരമല്ലാതെ അനധികൃത കെട്ടിടം ക്രമവത്ക്കരിച്ചു | 1-42 |
| 45 | കെ.എം.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടത്തിന് നമ്പർ നൽകി | 1-43 |
| 46 | വസ്തുനികുതി പരിഷ്ക്കരണം നടത്തിയപ്പോൾ അടിസ്ഥാന വസ്തുനികുതി കുറവായി നിശ്ചയിച്ച് ഈടാക്കുന്നു | 1-44 |
| 47 | നികുതിപിരിവ്- താല്ക്കാലിക ജീവനക്കാരുടെ നിയമനകാലയളവ് ദീർഘിപ്പിച്ചതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ല | 1-45 |
| 48 | ഹാജർ പുസ്തകത്തിൽ അവധി രേഖപ്പെടുത്തിയില്ല | 1-46 |
| 49 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-47 |

| | | |
|---|---|---|
| 50 | വടക്കാഞ്ചേരി പുഴ ക്ലീനിങ്ങ് - എസ്റ്റിമേറ്റ്, ടെണ്ടർ നടപടികൾ എന്നിവ ഇല്ലാതെ പ്രവൃത്തി നടത്തി | 1-48 |
| 51 | ദിവസവേതന നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല | 1-49 |
| 52 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 1-50 |
| 53 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവു രേഖകളോ ഫയലുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-51 |
| 54 | എസ്.സി. ലാപ്പ്ടോപ്പ് പ്രോജക്ട്-സ്പിൽ ഓവർ | 1-52 |
| 55 | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് സ്പിൽ ഓവർ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-53 |
| 56 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകൾ - വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-54 |
| 57 | എസ്.എൽ.ബി. പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്. | 1-55 |
| 58 | ലൈഫ് ഭവന പദ്ധതി പണി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം | 1-56 |
| 59 | കക്കൂസ് റിപ്പയർ -മാർഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി - സർക്കാരിന്റെ മുൻകൂർ അനുമതി തേടിയില്ല | 1-57 |
| 60 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല | 1-58 |
| 61 | പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കിയിട്ടില്ല | 1-59 |
| 62 | പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയിൽ ആദ്യ ഗഡു കൈപ്പറ്റിയിട്ട് ദീർഘകാലമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-60 |

| | | |
|---|---|---|
| 63 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല | 1-61 |
| 64 | വാഹനങ്ങളുടെ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-62 |
| 65 | പെയിൻ & പാലിയേറ്റീവ് പദ്ധതി -മരുന്നുകൾ നാളിതുവരെ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 1-63 |
| 66 | തനത് ഫണ്ട് - ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1-64 |
| 67 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-65 |
| 68 | എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-66 |
| 69 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടില്ല. | 1-67 |
| 70 | മുൻസിപ്പാലിറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകേണ്ടതാണ്. | 1-68 |
| 71 | മുൻസിപ്പാലിറ്റി ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്. | 1-69 |
| 72 | മാലിന്യനിർമ്മാർജ്ജനം - സ്റ്റേറ്റ് പോളിസി അനുസരിച്ച് നഗരസഭ തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-70 |
| 73 | ദാരിദ്ര്യ ലഘൂകരണ ഫണ്ട് - വിവരം ആവശ്യപ്പെടുന്നു | 1-71 |
| 74 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല | 1-72 |
| 75 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്. | 1-73 |

| | | |
|---|---|---|
| 76 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല. | 1-74 |
| 77 | ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു. | 1-75 |
| 78 | GST Compensation ഇനത്തിൽ അനർഹമായി തുക അനുവദിച്ചു നൽകി | 1-76 |
| 79 | മെറ്റീരിയൽ റിക്കവറി സെന്ററിന്റെ നിർമ്മാണം- തുടർ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-77 |
| 80 | മൂല്യനിർണ്ണയത്തേക്കാൾ അധികമായി പിൻവലിച്ച തുക തിരിച്ചടവാക്കേണ്ടതാണ് | 1-78 |
| 81 | വടക്കാഞ്ചേരി പുഴ കുളിക്കടവ് നിർമ്മാണവും റോഡ് കോൺക്രീറ്റിങ്ങും - ടെണ്ടർ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധിക ചെലവ് | 1-79 |
| 82 | ഓട്ടുപാറ ബസ്സ് സ്റ്റാന്റ് മെയിന്റനൻസ് - ടെണ്ടർ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധിക ചെലവ് | 1-80 |
| 83 | ആവശ്യത്തിന് കിഴിവുകൾ വരുത്താതെ കരാറുകാരന് തുക അനുവദിച്ചു | 1-81 |
| 84 | പട്ടിയത്ത് മധു റോഡ്-ആവശ്യത്തിന് കിഴിവുകൾ വരുത്താതെ കരാറുകാരന് തുക അനുവദിച്ചു | 1-82 |
| 85 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ് | 1-83 |
| 86 | നഗരസഭയിലെ വിവിധ വിഭാഗങ്ങളിലെ ഓഡിറ്റ് കാലയളവിലെ തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-84 |

**ഭാഗം 2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-1 |
| 2 | വടക്കാഞ്ചേരി പുഴ കുളിക്കടവ് നിർമ്മാണവും റോഡ് കോൺക്രീറ്റിങ്ങും - ടെണ്ടർ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധിക ചെലവ് | 3-2 |
| 3 | ഓട്ടുപാറ ബസ്സ് സ്റ്റാന്റ് മെയിന്റനൻസ് - ടെണ്ടർ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധിക ചെലവ് | 3-3 |
| 4 | ആവശ്യത്തിന് കിഴിവുകൾ വരുത്താതെ കരാറുകാരന് തുക അനുവദിച്ചു | 3-4 |
| 5 | പട്ടിയത്ത് മധു റോഡ്-ആവശ്യത്തിന് കിഴിവുകൾ വരുത്താതെ കരാറുകാരന് തുക അനുവദിച്ചു | 3-5 |
| 6 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ് | 3-6 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 17.03.20 ലെ തീരുമാനം 1 പ്രകാരം 2020-21 വർഷത്തെ ബ
തയ്യാറാക്കിയത് ചർച്ച ചെയ്ത് ഭേദഗതികളോടെ കൗൺസിലിലേക്ക് ശുപാർശ ചെ
അംഗീകരിക്കുകയുണ്ടായി. 26.03.20 ലെ കൗൺസിൽ യോഗ തീരുമാനം 1 അനുസരിച്ച് 2020-21 വർഷ
ബജറ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് മുൻബാക്കി 7,68,56,469 രൂപയും, പ്രതീക്ഷ
വരുമാനം 197,09,23,500 രൂപയും ചേർത്ത് ആകെ വരവ് 204,77,79,969 രൂപയും ആകെ ചെലവ് 194,33,30,
രൂപയും നീക്കിബാക്കി 10,44,49,719 രൂപയും ആണ്. 20.02.21 ലെ കൗൺസിൽ യോഗതീരുമാനം 1 പ്രകാ
നഗരസഭ കൗൺസിൽ (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 18.02.21 ൽ അംഗീകരിച്ച) 2020-21 വർഷ
പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 8,94,58,006 രൂപയും, പ്രതീക്ഷ
വരുമാനം 80,13,72,000 രൂപയും ചേർത്ത് ആകെ വരവ് 89,08,30,006 രൂപയും ആകെ ചെലവ് 84,96,13,000 രൂപ
നീക്കിബാക്കി 4,12,17,006 രൂപയും ആണ്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള മുൻബാക്കിയും, പുതുക്
ബജറ്റ് പ്രകാരമുള്ള മുൻബാക്കിയും ഏറെക്കുറ യോജിച്ചു പോകുന്നുണ്ടെങ്കിലും, 2020-21 വർഷത്തെ ബ
പ്രകാരമുള്ള പ്രതീക്ഷിതവരവും, പ്രതീക്ഷിതചെലവും പുതുക്കിയ ബജറ്റ് പ്രകാരമു
പ്രതീക്ഷിതവരവും, പ്രതീക്ഷിതചെലവും ആയി വലിയ അന്തരം പുലർത്തുന്നതായാണ് കാണ
കഴിയുന്നത്.

നഗരസഭ ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേ
നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ്
ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച മുൻസിപ്പൽ നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും നഗരസഭയും

1) 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 285 വകുപ്പനുസരിച്ച്, സർക്കാർ അതതു സമയങ്ങള്
പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി സെക്രട്ട
ഓരോവർഷവും ജനുവരി 15 ാം തീയതിക്കോ, അതിനു മുൻപോ അടുത്ത വർഷത്തേ

ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബഡ്ജറ്റ് തയ്യാറാ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതും, നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പ എടുക്കുകയോ ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ തനിക്ക് തോന്നുന്നതായാൽ, അത് സംബന്ധ തന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

ഇതേ നിയമത്തിലെ 286(1) വകുപ്പനുസരിച്ച്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അത വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങ പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ട പ്രസ്തുതനിർദ്ദേശങ്ങളേയും മുൻസിപ്പാലിറ്റി നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ച് കൊ അതിൽനിന്നും അടുത്ത വർഷത്തേക്കുള്ള മുൻസിപ്പാലിറ്റിയുടെ വരവ് ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 18.02.20 ലെ തീരുമാനം (16) പ്രകാരം നഗരസഭയുടെ 2020-21 വർഷ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിവരങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ സെക്ഷനുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്കും അറിയിപ്പുകൾ നൽകുന്നതിനു് തീരുമാനിച്ചിരുന്നു. നഗരസഭയി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരു വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി ബന്ധപ്പെട്ട മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. എ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ നഗരസഭ ബ തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമാ കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും മുൻസിപ്പാലിറ്റി നിയമത്തിലെ എല്ലാ ആവശ്യങ്ങളേ പരിഗണിച്ച് കൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റി കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച മുൻസിപ്പൽ കൌൺസിൽ മുൻപാകെ അതിന് പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങ മുൻസിപ്പൽ കൗൺസിൽ പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

മുൻസിപ്പൽ കൗൺസിൽ ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർ തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2007 ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 63 അനുസരിച്ച് അക്രൂവ
അടിസ്ഥാനത്തിലുള്ള ബജറ്റാണ് മുൻസിപ്പാലിറ്റി തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താ
നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ മുൻസിപ്പാലിറ്റി അംഗീകരിച്ച ബജറ്റിൽ ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധ
എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച പ്രത്യേകം പത്രിക
ഉൾപ്പെടുത്തിയിട്ടില്ല. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 293(2) വകുപ്പനുസരിച്ച്, ബഡ്ജറ്റ്
കാണിച്ചിട്ടുള്ള പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പു വരവിൽ എൻഡോവ്മെന്റുകളി
സർക്കാർ ഗ്രാന്റുകളിലും അംശദായങ്ങളിലും ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നി
ഒഴികെയുള്ളതിന്റെ അഞ്ചുശതമാനത്തിൽ കുറയാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാ
മേൽ വിവരിച്ച പത്രികകളുടെ അഭാവം ബജറ്റിൽ ചേർത്ത പ്രവർത്തന നീക്കിയിരിപ്പ്
വ്യവസ്ഥപ്പെടുത്തൽ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതാണ്.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേ
മുൻസിപ്പൽ നിയമം 289(1) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

1994ലെ കേരള മുൻസിപ്പാലിറ്റി നിയമം 293(5) വകുപ്പ് അനുസരിച്ച്, ഒരു വർഷത്തിനിടക്ക് അതിന് വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധ ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്ക സ്റ്റാന്റിംഗ് കമ്മറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബജറ്റ് തയ്യാറാക്കി അനുവാദത്തിനുവേ കൗൺസിൽ മുൻപാകെ വയ്ക്കണ്ടതാണ്. മുൻസിപ്പാലിറ്റി ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം ബ പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ഒരു സന്ദർഭം ചുവടെ ചേർക്കുന്നു.

30.04.20 ലെ കൗൺസിൽ തീരുമാനം9 അനുസരിച്ച്, 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി മാ 31 നകം സമർപ്പിക്കേണ്ടതിനാൽ നിർബന്ധിതമായി ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ചേർത്താ പദ്ധതിരേഖ പൂർത്തീകരിച്ചിട്ടുള്ളതെന്നതിനാൽ ഇനിയും ഉൾപ്പെടുത്തേണ്ട പ്രോജക്ടുകളും സ്പിൽഓ പ്രോജക്ടുകളും റിവിഷൻ സമയത്ത് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നു. തുടർ 29.07.20ലെ കൗൺസിൽ തീരുമാനം 7, 8(2) എന്നിവ പ്രകാരം 425 പ്രോജക്ടുകൾ സ്പിൽഓവർ ആക്കുന്നതിന 19 പ്രോജക്ടുകൾ റിവിഷൻ നടത്തുന്നതിനും തീരുമാനിച്ചു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

2007 ലെ കേരള മുൻസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 65 അനുസരിച്ച് ഉചിതമായ ബ നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥർക്ക അക്കൗണ്ട്സ് ഓഫീസർക്കും ആയിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ സാമാന്യമായി പാലിച്ചതായി കരുതാനാകില്ല.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 02.08.21 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26644957 | 26644957 | 26509494 | 135463 |
| വികസനഫണ്ട് എസ്.സി.പി. | 0 | 30184000 | 30184000 | 25537628 | 4646372 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 199000 | 199000 | 0 | 199000 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 17304900 | 17304900 | 1089003 | 6408897 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 9219794 | 9219794 | 6750669 | 2469125 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied ) | 0 | 7970000 | 7970000 | 6112886 | 1857114 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied ) | 0 | 19983931 | 19983931 | 11288821 | 8695110 |

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8,94,58,006.00 |
| വരവ് | 30,66,37,216.00 |
| ആകെ | 39,60,95,222.00 |
| ചെലവ് | 33,26,26,030.00 |
| നീക്കിയിരിപ്പ് | 6,34,69,192 .00 |

## 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 632 | 256082222 | 128874217 | 269 | 363 | 42.56 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 26,10,668 | 1,76,37,586 | 2,02,48,254 | 4,88,400 | 48,69,489 |
| തൊഴിലാളികളുടെ കൂലി | | | | 1,48,90,395 | |

നഗരസഭ ലഭ്യമാക്കിയ കണക്കുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് വാർഷികകണക്കുമാ പൊരുത്തപ്പെടുന്നല്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68400 | 95 |
| കർഷകതൊഴിലാളി പെൻഷൻ | 16186800 | 1074 |
| വിധവാപെൻഷൻ | 44912600 | 2990 |
| വാർദ്ധക്യകാലപെൻഷൻ | 64144400 | 4896 |
| വികലാംഗപെൻഷൻ | 10768500 | 764 |
| അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ | 7193400 | 481 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 78000 | 26 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോ
27.1.22 -ാം തിയ്യതിയിൽ 3.00 Pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്ത
നടത്തുകയുണ്ടായി. പരിശോധനയിൽ 1,14,225/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്
കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടി
നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവ
ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/2015 മുതൽ 31.03.2016 വരെ | 01.10.2016 മുതൽ 06.01.2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ്08/03/2019 | 2016-17മുതൽ 2017-18 വരെ | 27.04.2019 |

## 1-11 ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളു കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമ
കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എ

വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയ മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്ത് സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007 ലെ കേ മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് &ഐ ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2( ഖണ്ഡിക 6.59).

1.1 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

1.2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

1.3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

1.4. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

1.5. വിനോദനികുതി

1.6. വാടക ഡിമാന്റ് രജിസ്റ്റർ

1.7. ബസ് സ്റ്റാന്റ് ഫീ

നിലവിൽ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്ററുകൾ മേൽപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും വാർഷിക കണക്കുകള് വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക സാങ്കല്പികമായി ചേർക്കുന്നതാണെന്ന് കാണുന്നു. ആയതിനാ വാർഷികകണക്കുകളിലെ വരുമാനങ്ങളുടെ ഡിമാന്റ് തുക, ബാലൻസ്ഷീറ്റിൽ ഈയിനത്ത് കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്ന ഓഡിറ്റ് എൻക്വയറി 72 തീ 1/02/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 വസ്തു നികുതി- ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാ തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയു അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മ സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്ത് പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാല് അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്

അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നി ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൗണ്ട്സ് മാനവൽ 2007, ഖണ്ഡിക മുതൽ 6.16 വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

1. എന്നാൽ 2020-21 ലെ "110100100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചത് നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 03/03/2021 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതാ കാണുന്നു. വർഷാരംഭത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല, സാമ്പത്തിക വർഷാവസാനം രേഖപ്പെടുത്തലുമാത്രം നടത്തിയിട്ടുള്ളു. ഇതിൽ നിന്നും ഡിമാന്റ് തുക സാങ്കല്പികമാണെ കാണാവുന്നതാണ്.

2. ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.

3. ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിയമപ്രകാരമു ഡിമാന്റ്, റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് ത രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്ത ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കു വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
മേൽ കാരണങ്ങളാൽ വസ്തുനികുതി ഇനത്തിൽ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ചേർത്ത തുക, ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി തുക എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ഓഡിറ്റ് എൻകയറി 72തീ 1/2/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാ ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേ ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാ സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യ

എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ! രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയു അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്(മുനിസിപ്പൽ അക്കൗണ്ട്സ് മാനവൽ 2007, ഖണ്ഡിക 10.21 മുത 10.23 വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രിക അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴു തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങ ചുവടെ ചേർക്കുന്നു.

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130109900-Rent From Other Civic Amenities | 4127218 | 18/03/21 | 42000458 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ അക്രൂവ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ള ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപ സ്വീകരിക്കേണ്ടതുമാണ്.

## 1-14 Prior Period Items-രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകളില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്ത് ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്ക വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെ വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുക നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100600-Prior Period Income -Profession Tax/Instituition/Traders/.... | (568748) |
| 280109900-Prior Period Income- Other Taxes | 36250 |
| 280200101-Prior Period Income-Rent From Civic Amenities | (970744) |
| 280800100-Prior Period Income-Other Income | (18049) |
| 280800100-Prior Period-Establishment Expenses | 222056 |
| 280800500-Prior Period- Programme Expenses | 2175440 |
| 280800400-Prior Period- Interest And Finance Charges | 5250000 |
| 280800600-Prior Period-Revenue Grants &Contribution | (594648) |

## 1-15 ജേണൽ വൌച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൌച്ചറുകൾ ഇ

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്ക് രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007. ചട്ടം 7) ജേണൽ വൗച്ചറുക ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുക സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്ത വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളു അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്ന മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നമ്പർ 24,25,26 എന്നിവയ

നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്റ തയ്യാറാക്കുന്നില്ല.

## 1-17 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഇല്ല

2020-21 വർഷത്തെ Income And Expenditure പത്രിക ഷെഡ്യൂൾ 1-17(A) പ്രകാരം 11,599,297 രൂപ ഡിപ്രിസിയേഷ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-18 മുൻകൂർ രജിസ്റ്റർ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സാക്ഷ്യപ്പെടുത്ത് സൂക്ഷിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതീയിൽ ആരുടെയെ മുൻകൂറുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുന്ന രീതിയ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തൻവർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് വിവ പദ്ധതികളുടെ നിർവ്വഹണത്തിനായി മുൻകൂറുകൾ നൽകിയിട്ടുണ്ട്. ഇതിന്റെ വിവരം അഡ്വാൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 – Loans Advances And Deposits എ ശീർഷകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പദ്ധതികൾ, നൽകിയ തുക, നിർവ്വഹണ ഏജൻ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം/തീയ്യതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| GWD | മാരാത്ത് കുന്ന് കുടിവെള്ള പദ്ധതി | 12/15.4.20 | 4,50,000 |
| | പുത്തൻകുളം കുടിവെള്ള പദ്ധതി | 13/15.4.20 | 3,25,000 |
| | | | |

| | | | | |
|---|---|---|---|---|
| | | പുത്തൻകുളം കുടിവെള്ള പദ്ധതി | 14/15.4.20 | 3,00,000 |
| | | ചേപ്പലക്കോട് കുടിവെള്ള പദ്ധതി | 35/15.4.20 | 70,000 |
| | GWD | മിച്ചഭൂമി കോളനി കുടിവെള്ള പദ്ധതി | 36/15.4.20 | 2,50,000 |
| | | ലക്ഷം വീട് കുടിവെള്ള പദ്ധതി | 38/15.4.20 | 2,25,000 |
| | | കെ.പി.കുന്ന് കുടിവെള്ള പദ്ധതി | 43/15.4.20 | 2,00,000 |
| | | കെ.പി.കുന്ന് കുടിവെള്ള പദ്ധതി | വൗച്ചർനം.1762807/7.5.20 | 4,00,000 |
| | | കെ.പി.കുന്ന് കുടിവെള്ള പദ്ധതി | വൗച്ചർനം.1762808/7.5.20 | 3,80,000 |
| | | നെല്ലിക്കുന്ന് കോളനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | വൗച്ചർനം.1762809/7.5.20 | 4,50,000 |

| | | | | |
|---|---|---|---|---|
| | | കുടിവെള്ള പദ്ധതി | | |
| | | ഇരുന്നലം കുന്ന് കുടിവെള്ള പദ്ധതി | 161/24.3.21 | 5,00,000 |
| | | മംഗലം വായനശാല ഗാന്ധിനഗർ കുടിവെള്ള പദ്ധതി | 202/30.3.21 | 2,70,000 |
| | | കോട്ടംകുന്ന് കുടിവെള്ള പദ്ധതി | 186/30.3.21 | 3,00,000 |
| | | നെല്ലിക്കുന്ന് കോളനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കുടിവെള്ള പദ്ധതി | 204/30.3.21 | 2,90,000 |
| | | ചാലിക്കുന്ന് കുടിവെള്ള പദ്ധതി | 205/30.3.21 | 3,00,000 |
| | | മിണാലൂർ റെഡ്സ്റ്റാർ കുടിവെള്ള പദ്ധതി | 201/30.3.21 | 1,50,000 |
| | | മിണാലൂർ സെന്റർ | 203/30.3.21 | 1,50,000 |

| | | | |
|---|---|---|---|
| | കുടിവെള്ള പദ്ധതി | | |
| | മിണാലൂർ സെന്റർ കുടിവെള്ള പദ്ധതി | 206/30.3.21 | 1,50,000 |
| GWD | ലക്ഷം വീട് കുടിവെള്ള പദ്ധതി | 200/30.3.21 | 2,00,000 |
| കോസ്റ്റ് ഫോർഡ് | അകമല മാരാത്ത് കുന്ന് കമ്മ്യൂണിറ്റി ഹാൾ | 11/15.4.20 | 4,40,000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ ഡിവിഷൻ 35 പ്രോജക്ട് നം 199/21 | വൗച്ചർനം.22001223/02.06.20 | 3,51,933 |
| | എസ്. സി. കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രോജക്ട് നം 215/21 | വൗച്ചർനം.22000160/18.04.20<br>വൗച്ചർനം.22001228/29.10.20 | 46,728<br>48,524 |
| | സ്ട്രീറ്റ് ലൈൻ മെയിൻ സ്ഥാപിക്കലും, ലൈറ്റ് | വൗച്ചർനം.22001224/09.09.20 | 65,466 |

| | | | |
|---|---|---|---|
| | സ്ഥാപിക്കലും ഡിവിഷൻ 10 പ്രോജക്ട് നം 501/21 | | |
| | സ്ട്രീറ്റ് ലൈൻ മെയിൻ സ്ഥാപിക്കൽ ഡിവിഷൻ 22 പ്രോജക്ട് നം 489/21 | വൗച്ചർനം.22001260/12.11.20 | 97,391 |

## 1-19 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തി നിർമാണം- തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിൽ 14,35,86,898 രൂപ Ca Contribution ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തേക്കാൾ 5,86,85,845 /-രൂപ കൂട്ടിച്ചേർത്തതിന്റെ വർ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-20 വായ്പ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 "Secured Loans" എന്ന ശീർഷക പ്രകാരം 15,68,06,659 /- രൂപയും, ഷെഡ്യൂൾ "Unsecured Loans" എന്ന ശീർഷക പ്രകാരം 2,77,60,446/ – രൂപയും തിരിച്ചടവാക്കാൻ ശേഷിക്കുന്നുണ്ട്. 2020-21 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രാജീവ് ഗാന്ധി ഭവന വായ്പ തിരിച്ചടവ് എന്ന പ്രോജക്ട് പ്രകാ 4,88,800 രൂപയും, 740/21 ലൈഫ് മിഷൻ വായ്പ മുതൽതിരിച്ചടവ് (ജനറൽ) എന്ന പ്രോജക്ട് പ്രകാരം 54,28,3 രൂപയും, 741/21 ലൈഫ് മിഷൻ വായ്പ മുതൽതിരിച്ചടവ് (ജനറൽ) എന്ന പ്രോജക്ട് പ്രകാരം 61,58,616/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് വായ്പ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ ലഭ്യമാക്കിയിട്ടില്ല.

## 1-21 ബാധ്യത ശീർഷകങ്ങളും തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാ തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുക ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകക തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങ ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബ അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്ക് കാണുന്നില്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-22 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെ ഡെപ്പോസിറ്റുകളാണ് തിരികെ നല്കേണ്ടതെന്ന് വ്യക്തമാക്കുന്ന തരത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴു സൂക്ഷിക്കുന്നില്ല.

## 1-23 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5,15,300/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-24 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യത ഇല്ലാത്തതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്ക ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആ രേഖപ്പെടുത്തിയിരിക്കുന്നത് 2,59,88,814. രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ " Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,44,88,111/-രൂപയാ

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകള് പൊരുത്തപ്പടേണ്ടതാണെങ്കിലും നഗരസഭ സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകള് പൊരുത്തപ്പെടുന്നില്ല.

## 1-25 വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേ നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58 (എഫ്))

2. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊ നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-26 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക ഓഡിറ്റ ലഭ്യമാക്കിയിട്ടില്ല

| ക്രമ.നം | ബാങ്ക് | അക്കൗണ്ട് നമ്പർ | 31/03/2021 ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1. | Thrissur District Co Operative Bank -Loan | 8000175908 | 888 |
| 2 | Canara Bank-Distress Relif -Fund | 0723101066224 | 10820 |
| 3 | Canara Bank-Jalanidhi | 14193 | 411324 |
| 4 | Puthuruthy Co Operative Bank -Distress Relif Fund | 5807 | 9244 |
| 5 | SBI-PYKKA | 31773595270 | 4890 |

| | | | |
|---|---|---|---|
| 6 | District Co Operative Bank-Saksharatha | 10705049373 | 1002 |
| 7 | Puthuruthy Co Operative Bank - PYKKA | 5977 | 948 |

## 1-27 എ.സി.ആർ പ്രകാരമുള്ള ചെലവും,ഇ-ബിൽ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

ആമക്കോട് അമ്പലപുരം റോഡ് (596/21), മിണാലൂർ അമ്പലപുരം റോഡ് (597/21) എന്നീ നിർമ്മാ പ്രവൃത്തികൾക്ക് യഥാക്രമം 3,99,977/– *രൂപ ട്രഷറി ബിൽ നം.195/*30.3.21 പ്രകാരവും 3,98,852/- രൂപ ട്രഷ *ബിൽ നം.194/*30.3.21 പ്രകാരവും തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. ട്രഷറി ബിൽ സ്റ്റേറ്റ്മന്റ് (59E) പ്രകാരം തുക ചെലവ് വന്നിട്ടുള്ളത് മറ്റുള്ളവ (Others) എന്ന ശീർഷകത്തിലാണ്. എന്നാൽ എ.സി.ആർ പ്രകാര സുലേഖ ചെലവ് പത്രിക പ്രകാരവും ടി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് വികസന ഫണ്ട് (ജനറ എന്ന ശീർഷകത്തിലാണ്. ട്രഷറി ചെലവുകൾ രേഖപ്പെടുത്തുന്ന പ്രോജക്ട് ചെലവുകളുടെ ഇ-ബിൽ സ്റ്റേ മെന്റിൽ (വികസന ഫണ്ട് -ജനറൽ) മേൽ തുകകളുടെ ചെലവ് ഉൾപ്പെട്ടിട്ടുമില്ല. എ.സി.ആർ പ്രകാരമു ചെലവും, ഇ-ബിൽ സ്റ്റേറ്റ്മന്റും പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ തൻവർഷം വികസന ഫ -ജനറലിന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് 26,509,494/-രൂപയും (വാർഷിക കണക്ക് പ്രകാരവും തുകയാണ്) ഇ-ബിൽ സ്റ്റേറ്റ്മന്റിലെ ചെലവ് 2,44,76,588/-രൂപയുമാണ്. ഈ വ്യത്യാസത്തിനുള്ള കാര വ്യക്തമാക്കേണ്ടതാണ്.

## 1-28 രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ

I) നഗരസഭയിൽ ഉപയോഗിക്കുന്ന മാനുവൽ രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ കണ്ട അപാകത താഴെ ചേർക്കുന്നു.

1) രശീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല [2 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 74] {കെ.ടി.സി. വോള്യം 1 ആർട്ടിക്ക 90(ബി)യിലെ കുറിപ്പ് 2 } .

2) കാൻസൽ ചെയ്യുന്ന രശീതികൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല.

3) രശീതി പുസ്തകങ്ങളിലെ ഉപയോഗിക്കാതെ അവശേഷിക്കുന്ന രശീതികൾ കാൻസൽ ചെയ്യാ
അവശേഷിക്കുകയും അടുത്ത രശീതി പുസ്തകം ഉപയോഗത്തിലെടുക്കുകയും ചെയ്യുന്നു.
4) ഒരേ സമയം ഒന്നിലധികം രശീതി പുസ്തകങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കുന്നതിനാ
അനുവദിച്ച് നൽകുകയും ഒരേ സമയം വിവിധ പുസ്തകങ്ങളിൽ രശീതി പിരിവ് നടത്തുകയും ചെയ്യു
[2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 74] {കേരള ട്രഷറി കോഡ് വോള്യം I, 
90(A), കുറിപ്പ് 2}.
5) നമ്പർ ക്രമത്തിൽ രശീതി പുസ്തകങ്ങൾ ഉപയോഗിക്കാത്തതു മൂലം ഇടയിൽ അനവധി രശീ
പുസ്തകങ്ങൾ ഉപയോഗിക്കാതെ കൈവശം വച്ചിരിക്കുന്നു.
6) സെക്രട്ടറിയുടെ ഒപ്പിന്റെ മുദ്ര ഒന്നിലധികം പുസ്തകങ്ങളിൽ പതിപ്പിച്ച് സൂക്ഷിച്ചിരിക്കു
ആവശ്യത്തിന് മാത്രം മുദ്ര വച്ച് നൽകാതെ നേരത്തേ തന്നെ ഇത്തരത്തിൽ ചെയ്യുന്നതിനാൽ അനവ
പുസ്തകങ്ങൾ കാൻസൽ ചെയ്യേണ്ടി വരുന്നു. ഉദാഹരണത്തിന് ബുക്ക് നമ്പർ 236, 240, 243, 247, 248, 249, 250, 
272, 273 എന്നിവ ഒട്ടും ഉപയോഗിക്കാതെ തന്നെ കാൻസൽ ചെയ്യേണ്ടി വന്നിരിക്കുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 79/02.02.2022 ന് മറുപടിയായി അപാകത
പരിഹരിക്കുമെന്ന് അറിയിക്കുകയും കാൻസൽ ചെയ്ത രശീതികൾ സാക്ഷ്യപ്പെടുത
ഹാജരാക്കുകയുമുണ്ടായി.

II) സാംഖ്യ രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ.
1) കാൻസൽ ചെയ്യുന്ന രശീതികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2) ദൈനംദിനമായി കാൻസൽഡ് റസീറ്റ് റിപ്പോർട്ട് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
3) സോണൽ ഓഫീസിൽ ഉപയോഗത്തിനായി സ്വീകരിക്കുന്ന രശീതികളുടെ സ്റ്റോ
രേഖപ്പെടുത്തുകയോ അതാത് ദിവസം ഉപയോഗിക്കുന്നതും കാൻസൽ ചെയ്യുന്നതും തിരികെ മെയ
ഓഫീസിൽ ഏൽപ്പിക്കുന്നതുമായ രശീതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കുക
ചെയ്യുന്നില്ല. ചുമതലപ്പെട്ടവർ ഇവയുടെ പരിശോധന നടത്തുന്നില്ല.
4) സോണൽ ഓഫീസിൽ ഉപയോഗിക്കുന്ന സാംഖ്യ രശീതികളിലെ കാൻസൽ ചെയ്തവയും ചുമതല
ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

III) വടക്കാഞ്ചേരി കൃഷി ഓഫീസർക്ക് അനുവദിച്ച രശീതി പുസ്തകങ്ങളുടെ പരിശോധനയിൽ ക
അപാകതകൾ താഴെ ചേർക്കുന്നു.

1) രശീതികൾ എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല. [2007 ലെ കേ

മുനിസിപ്പൽ (അക്കൗണ്ട്സ്) റൂൾസ്, സെക്ഷൻ 18(2)]
2) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (കെ.ടി.സി. വോള്യം 1 ആർട്ടിക്കി 90(ബി)യിലെ കുറിപ്പ് 2 )
3) ഗുണഭോക്താവിന് രശീതിയുടെ കാർബൺ കോപ്പി നൽകുന്നതിന് പകരം ഒറിജിനൽ നൽകി.

രശീതികളുടെ ഉപയോഗത്തിൽ ഉത്തരവാദപ്പെട്ടവർ കൃത്യമായ നിർദ്ദേശം നൽകുകയും ആവശ്യമ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്. മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30-10-2020 ലെ സ.ഉ.(പി)നം.62/2020 (SRO No.857/2020) പ്രകാരം 1994ലെ കേ മുനിസിപ്പാലിറ്റി ആക്ട് 447, 448, 449, 450, 565 എന്നീ വകുപ്പുകളും 2011 ലെ കേരള മുനിസിപ്പാലി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻ നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്ക വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽക എന്നാക്കുകയും ചട്ടം 14 ലെ പട്ടിക-3 ൽ വിവിധ വ്യാപാരങ്ങൾക്ക് ദിവസേനയുള്ള വിറ്റ് വരവിന് അടിസ്ഥാനത്തിൽ ഈടാക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഫീസിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാ സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവു ഫീസായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

1) 2020 ലെ ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണപരമായ അനിവാര്യ ചുമ എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതിന് നടപടിക സ്വീകരിക്കേണ്ടതാണ്.
2) മേൽ ഭേദഗതി ഉത്തരവ് പട്ടിക II ലെ ക്രമ നം. 275 (മാര്യേജ് ബ്യൂറോ), 276 (പരസ്യ ഏജൻസി), 278 (ട പ്രാക്ടീഷണർ), 279 (സ്വകാര്യ ഫിനാൻസിംഗ് സ്ഥാപനങ്ങൾ), 280 (ട്രാവൽ കൺസൾട്ടന്റ്സ്), 281 (ടൂറി ടാക്സി ഓപ്പറേറ്റിംഗ്), 282 (മൾട്ടി ലെവൽ മാർക്കറ്റിംഗ്), 283 (മണി എക്സ്ചേഞ്ച് സ്ഥാപനങ്ങൾ), 284 (ലോട്ട കച്ചവടം), 286 (കാൾ സെന്റർ), 287 (സൈബർ കഫേ), 288 (സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്), 289, 290, 291, 2 294, 295, 296, 297, 298, 299 തുടങ്ങിയ എല്ലാ വിധ സംരഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയ

ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേ കർമ്മപദ്ധതി തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

3) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ മാതൃകയിൽ അപേക്ഷകൾ തയ്യാറാക്കി വിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അപേക്ഷയിലോ പരിശോധനാ കുറിപ്പിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

5) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ വിവരവും അവയ് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരവും ലഭ്യമാക്കുകയുണ്ടായില്ല. SIDCO ഇൻഡസ്ട്രിയൽ എസ്റ്റേ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുതലായവ ഈ നഗരസഭയുടെ പരിധിയിലുള്ളതാ അത്തരത്തിലുള്ളവയുടെ വിവരങ്ങളും ഇവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാ ലൈസൻസ് പരിധിയിൽ വരുന്നവയെ ലൈസൻസ് എടുപ്പിക്കേണ്ടതും അതിൽ നിന്നും ഒഴ ലഭിച്ചവയുടെ വിവരങ്ങൾ ശേഖരിച്ച് വയ്ക്കുകയും ചെയ്യേണ്ടതാണ്. നഗരസഭാ പരിധിയിലു ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അല്ലാതെയും പ്രവർത്തിക്കുന്നതായ ലൈസൻസ് പരിധിയിൽ നിന്ന ഒഴിവാക്കപ്പെട്ടിട്ടുള്ള MSME പോലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളും സൂക്ഷിക്കേണ്ടതാണ്.

6) ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷം 1578 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തതാ കാണുന്നത്. സഞ്ചയ പ്രകാരം 5176 പാർപ്പിടേതര കെട്ടിടങ്ങളാണ് ഉള്ളത്.

കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 249 പ്രകാരം നഗരസഭാ പരിധിയിലുള്ള വാണിജ്യ കെട്ട ഉടമകൾക്ക് നോട്ടീസ് നൽകേണ്ടതും കെട്ടിട ഉടമകളിൽ നിന്നും വിവരം ശേഖരിച്ച് വാണിജ്യ വ്യാപ സംരഭക പ്രവർത്തനങ്ങളിലേർപ്പെടുന്നവർ ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

7) ലൈസൻസിനുള്ള ചില അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ (പഴയത്) | കെട്ടിട നമ്പർ (പുതിയത്) | അപാകതകൾ |
|---|---|---|---|
| പി.കെ.ഇൻഡസ്ട്രീസ്, എങ്കക്കാട് | 8/425 | 18/414 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള |

| | | | | |
|---|---|---|---|---|
| | | | | നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| | പീകോക്ക് റോക്ക് പ്രൊഡക്ട്സ്, പാർളിക്കാട് | 17/548, 549 | 5/430, 431 | മൈനിങ്ങ് & ജിയോളജി വകുപ്പിൽ നിന്നുള്ള ഫോം L രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഫോം D ലൈസൻസ്, ഫോം G ലൈസൻസ് എന്നിവയുടെ കാലാവധി 04.02.2019 തീയതി വരെ മാത്രമാണ്. ഫാക്ടറീസ് & ബോയ്ലേഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. |
| | സൂപ്പർസ്റ്റാർ, മുണ്ടത്തിക്കോട് (പി.വി.സി പൈപ്പ് നിർമ്മാണം). | 16/40 | 39/486 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 30.06.2020 തീയതി വരെ മാത്രമാണ്. |
| | ഫൈവ്സ്റ്റാർ, മുണ്ടത്തിക്കോട് (പി.വി.സി പൈപ്പ് നിർമ്മാണം). | 16/42 | 39/487 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 30.06.2020 തീയതി വരെ മാത്രമാണ്. |
| | സതേൺസ്റ്റാർ, മുണ്ടത്തിക്കോട് | 16/41 | 39/493 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ |

| | | | |
|---|---|---|---|
| (പി.വി.സി പൈപ്പ് നിർമ്മാണം). | | | കാലാവധി 30.06.2020 തീയതി വരെ മാത്രമാണ്. |
| എസ്.എസ്.പ്ലാസ്റ്റിക്സ്, മുണ്ടത്തിക്കോട് (പി.വി.സി പൈപ്പ് നിർമ്മാണം). | 16/43 | 39/488 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 30.06.2020 തീയതി വരെ മാത്രമാണ്. |
| ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈന്റ് & ബ്രെയിൻ, മിണാലൂർ | 8/273 A | 27/426 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 30.11.2019 തീയതി വരെ മാത്രമാണ്. |
| കൃഷ്ണ പേപ്പർ പ്രൊഡക്ട്സ്, മുണ്ടത്തിക്കോട് | 16/436 H | 41/412 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| വിജയ് ഇൻഡസ്ട്രീസ്, മുണ്ടത്തിക്കോട് (ആണി നിർമ്മാണം) | 16/436 F | 41/410 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| ആയുർബധാനിയ ആയുർവേദ ആശുപത്രി | 12/386, 403B,E,F,H | 33/528,529, 530,535,540 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 15.08.2020 തീയതി വരെ മാത്രമാണ്. |
| റോസി പ്ലാസ്റ്റ്, മുണ്ടത്തിക്കോട് | 16/438 | 41/405 | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |
| വിൻസ്റ്റാർ, മിണാലൂർ | 10/170 | 31/190 A | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി 31.05.2020 തീയതി വരെ മാത്രമാണ്. |
| മോഡേൺ ക്രഷർ യൂണിറ്റ്, സേവന ചാരിറ്റബിൾ സൊസൈറ്റി, പാർളിക്കാട് | 5/232 A | 29/328 | മൈനിങ്ങ് & ജിയോളജി വകുപ്പിൽ നിന്നുള്ള ഫോം D ലൈസൻസ്, ഫോം G ലൈസൻസ് എന്നിവയുടെ കാലാവധി 30.05.2020 തീയതി വരെ മാത്രമാണ്. |
| സിറ്റി ജ്വല്ലറി | 11/1237 | | ആസിഡ് ഉപയോഗിച്ചുള്ള നിർമ്മാണത്തിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം കരസ്ഥമാക്കേണ്ടതാണ് എന്ന് ലൈസൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയതിന്റെ വിവരം ഫയലിൽ ഇല്ല. |
| നിഷാദ് ബാങ്കിൾ കട്ടിംഗ് | 11/1307 | | “ “ “ |

8) നഗരസഭയുടെ മുറികൾ വാടകയ്ക്കടുക്കുകയും എന്നാൽ ലൈസൻസ് എടുക്കാതിരിക്കുകa ചെയ്യിട്ടുള്ള ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

A) ഓട്ടുപാറ ബസ് സ്റ്റാന്റ് ബിൽഡിംഗ്, മാർക്കറ്റ് മുതലായവ

| | |
|---|---|
| 3/938 | ഖാദർ.സി.കെ |
| 10/393 | മുസ്തഫ, കറപ്പംവീട്ടിൽ |
| 10/394 | ഹമീദ്, പുതുപറമ്പിൽ |
| 10/396 | ചാക്കോച്ചൻ, തലക്കോട്ടുകര |
| 10/398, 399 | സൈനബ, മടപ്പാട്ടുപറമ്പിൽ |
| 10/400 | ജയകുമാർ, പുഞ്ചയിൽ |
| 10/405 | അബ്ദുൾ റഹ്മാൻ.സി.എ, ചെമ്പത്തേതിൽ |
| 10/406 | മാമു, മാളത്ത് |
| 10/407 | ഹമീദ്, നാലകത്ത് |
| 10/408 | മുഹമ്മദ്കുട്ടി, ബ്ലാഗയിൽ |
| 10/409 | മുഹമ്മദ്കുട്ടി, പുതുവീട്ടിൽ |
| 10/410 | നവാസ്, പരുത്തിക്കാട്ടിൽ |
| 10/411 | മെയ്തീൻകുട്ടി, മാളത്ത് |
| 10/412 | ഷമീർ,.എ.എം, ആശാരിപറമ്പിൽ |
| 10/413, 417 | മുഹമ്മദ്.എസ്.ഐ, കുന്നത്ത് പറമ്പിൽ |
| 10/414 | അബ്ദുൾ ജമാൽ, ബ്ലാഗയിൽ |
| 10/418, 419 | റോയ് സഖറിയ, വലിയപറമ്പിൽ |
| 10/422 | ഉമേഷ്.എൻ.ജി, നെയ്ത്തുകുളങ്ങര |
| 10/425 | കെ.വി.സണ്ണി, കിടങ്ങൻ |
| 10/428 | ഷാനിബ, കൊടുമാപറമ്പിൽ |
| 11/730 | കെ.എ.സലിം, കഴുങ്കിൽ |
| 11/731 | ജോൺസൺ, നടയ്ക്കലാൽ |

| | |
|---|---|
| 11/732 | ജാഫർ, കല്ലിങ്കൽ |
| 11/743 | ഷെമീർ, കാക്കനൊത്ത്7 |
| 11/744 | പുഷ്പരാജൻ, പാറപറമ്പിൽ |
| 11/745 | പ്രദീപ്, മേലേതിൽ |

B) ഫിഷ് സ്റ്റാളിലെ 8 എണ്ണത്തിന് ലൈസൻസ് എടുത്ത് കാണുന്നില്ല.
C) അത്താണി ഷോപ്പിംഗ് കോംപ്ലക്സ്, മുണ്ടത്തിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുതലായവ

| | |
|---|---|
| 11/466 (543) | ഉണ്ണികൃഷ്ണൻ, പുളിഞ്ചേരി |
| 11/469 (556) | എ.വി.ആന്റണി, ആലപ്പാടൻ |
| 11/471 (558) | ജോണി, അറങ്ങാശ്ശേരി |
| 11/472 (562) | ഷാഹുൽ ഹമീദ്, പുതിയറയ്ക്കൽ |
| 11/475 (562) | ടൈജു.എം.ജെ, മണലിപ്പറമ്പിൽ |
| 11/479 (566) | ഡെയ്സി ജോൺസൺ, തൈക്കാട്ടിൽ |
| 11/480 (567) | സജിത മനോജ്, കുന്നുംകുമരത്ത് |
| 11/488 (575) | സിജി, ഐക്കരപ്പറമ്പിൽ |
| 11/489 (576) | മോഹൻ, മൊട്ടയ്ക്കപറമ്പിൽ |
| 11/493 (580) | എം.ജെ.ടൈറ്റസ്, മണലിപറമ്പിൽ |
| 11/495 (582) | സിജി, ഐക്കരപ്പറമ്പിൽ |
| 11/497 (584) | പി.കെ.തോമസ്, പൊറത്തൂർ |
| 11/498 (585) | ആനന്ദൻ, വിളക്കത്തറ |
| 11/499 (586) | ജോൺ.കെ.മംഗലം, പൂമംഗലം |
| 11/500 (587) | സന്തോഷ്.കെ.എസ്, കോഴിപ്പറമ്പിൽ |
| 11/576 D | പീയൂസ്, ആളൂർ ഹൗസ് |
| 16/432 A | കൃഷ്ണൻകുട്ടി നായർ, കണ്ണപ്പാട്ടിൽ |
| 16/436 C | സുനിൽ കുമാർ, പട്ടുകുളങ്ങര |

| 16/437 C | ഹരിദാസൻ, മൂരയിൽ |
|---|---|

2020 ലെ ഭേദഗതി ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് നടപ
സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി:21/27.01.2022)

## 1-30 വാടക - അപാകതകൾ

1) കെട്ടിടങ്ങൾ/മുറികൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച് മുൻസിപ്പാലിറ്റി ബൈലോയോ/റഗുലേഷ
തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/18.01.2022) ലഭ്യമാക്കിയ മറുപടിയ
പഞ്ചായത്ത് നിലവിലിരുന്ന സമയത്തെ ബൈലോയാണ് ഉപയോഗിച്ച് വരുന്നത് എന്നും പഞ്ചായ
നഗരസഭയായി മാറിയതിനെ തുടർന്ന് മുനിസിപ്പൽ ചട്ടങ്ങൾക്കനുസരിച്ചുള്ള ബൈ
തയ്യാറാക്കുന്നതുമാണെന്നാണ് അറിയിച്ചിട്ടുള്ളത്. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നത
നടപടി സ്വീകരിക്കേണ്ടതാണ്.
2) നിലവിൽ നഗരസഭയുടെ കീഴിൽ വാടകയ്ക്ക് നൽകുവാൻ 181 മുറികളാണുള്ളതെന്നും ഇവയിൽ
എണ്ണം ഒഴിഞ്ഞ് കിടക്കുകയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇവ വാടകയ്ക്ക് നൽകുന്നതിന് നടപ
സ്വീകരിക്കേണ്ടതാണ്.
3) വാടക രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ ഡി.സി.ബി തയ്യാറാ
സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-15 പ്രകാരം തൻവർഷം 8,12,9
രൂപയും കുടിശ്ശികയിനത്തിൽ 9,67,872/- രൂപയും 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണ
പ്രകാരം തൻവർഷം 6,36,370/- രൂപയും കുടിശ്ശികയിനത്തിൽ 21,20,518/- രൂപയും പിരിഞ്ഞ് കിട്ടാനുള്ളതാ
രേഖപ്പെടുത്തിയിട്ടുണ്ട്. വാടക കുടിശ്ശിക ലെഡ്ജർ 431400102 പരിശോധിച്ചതിൽ 9,83,544/- രൂപ കുടിശ്
ഡിമാന്റിൽ വർദ്ധനവ് വരുത്തിയാണ് 2020-21 വർഷം കുടിശ്ശികയിനത്തിലെ വാടക കുടിശ്ശിക 21,20,5
രൂപ ആയിരിക്കുന്നത് എന്ന് കാണുന്നു. ഇപ്രകാരം കുടിശ്ശിക ഡിമാന്റ് വർദ്ധനവ് വരുത്തിയതിന്
കാരണം, ഭരണസമിതി തീരുമാനം, ഡിമാന്റ് കണക്കാക്കിയതിന്റെ വിശദ വിവരം എന്നിവ സംബന്ധ
ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പിരിഞ്ഞു കിട്ടാനുള്ള 15,672/- രൂപ മാത്രമാണ് വർദ്ധ
വരുത്തേണ്ടിയിരുന്നതെന്നും കുടിശ്ശിക തുക തെറ്റായാണ് വർദ്ധനവ് വരുത്തിയതെന്നുമാ
അറിയിച്ചിട്ടുള്ളത്. 2021-22 വാർഷിക കണക്കിൽ കമ്മിറ്റി അംഗീകാരത്തോടെ തിരുത്തുന്നതിന് നടപ
സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മതിയായ കാരണം രേഖപ്പെടുത്തി ഭരണ സമിതിയുടെ അംഗീകാരത്തോടെയല്ലാതെ വാർഷ് കണക്കിൽ ഇത്തരം കൂട്ടിച്ചേർക്കലുകൾ വരുത്തുന്നത് അംഗീകരിക്കാവുന്നതല്ല.
4) മേൽ സൂചിപ്പിച്ച കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
5) 2019-20, 2020-21 വർഷങ്ങളിൽ തുടർച്ചയായി വാടക അടവാക്കാത്ത നിരവധി വാടകക്കാരുള്ളതാ കാണുന്നു. ഈ വസ്തുത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മുൻപാകെ പരിഗണനക്ക് സമർപ്പിക്കേണ്ടത ഇത്തരത്തിൽ കുടിശ്ശിക വരുത്തിയവരെ ഒഴിവാക്കുന്നതിനോ പുതിയ വാടകക്കാർക്ക് മുറി ലേലം ചെ നൽകുന്നതിനോ നടപടി സ്വീകരിക്കേണ്ടതുമാണ്.
രജിസ്റ്റർ പ്രകാരം തുടർച്ചയായി കുടിശ്ശിക വരുത്തിയ ചില വാടകക്കാരുടെ വിവരം താഴെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര് | റൂം നമ്പർ | പ്രതിമാസ വാടക |
|---|---|---|
| സുരേഷ്.എം.മാത്യു, മുരിങ്ങാത്തേരി | 3/396 | 2680 |
| റോയ് സഖറിയ, വലിയപറമ്പിൽ | 10/419 | 870 |
| കാർത്ത്യായിനി.കെ.എ | 10/420 | 1365 |
| വിനോദ്.എ.കെ, അത്രപ്പുള്ളി | 10/421, 423 | 3600x2 |
| ഷാഹിദ്, അത്താണിക്കൽ | 10/426 | 3690 |
| ശകുന്തള, വാരിയത്ത് വളപ്പിൽ | 10/430 | 2010 |
| പ്രസ്സ് ക്ലബ്ബ് | 11/735 | രേഖപ്പെടുത്തിയിട്ടില്ല |
| സമത്വ വികലാംഗ ക്ഷേമ അസോസിയേഷൻ | 19/133 C | 1050 |
| ഷെമീർ.കെ.കെ, കുറുപ്പം വീട്ടിൽ | 11/576 A | രേഖപ്പെടുത്തിയിട്ടില്ല |

| | | |
|---|---|---|
| ജയപ്രകാശ്, അമ്പലപ്പാട്ട് | 14/436 A | 3195 |
| ട്രീസ ബീജോയ്, ചിരിയങ്കണ്ടത്ത് | 16/436 A | 2560 |

6) വാടക രജിസ്റ്റർ പ്രകാരം ഓട്ടുപാറ മാർക്കറ്റ് സ്റ്റാളിലെ 10/379 എന്ന മുറി വാടകയ്ക്ക് എടുത്തിരിക്കുന്ന
വാടകക്കാരൻ പ്രഭാകരൻ.പി.കെ, പൂവ്വത്തുപറമ്പിൽ എന്നയാളാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാ
അബ്ദുൾ സലാം.കെ.കെ, കല്ലത്താണിക്കൽ എന്നയാളുടെ പേരിലുള്ള സ്ഥാപനമാണ്.
10/381 വാടകക്കാരൻ എം.ഐ.ബാബു, മണക്കാടൻ – ലൈസൻസി പി.വി.ബോബൻ, പൊറത്തൂർ വീട്
അത്താണി ഷോപ്പിംഗ് കോംപ്ലക്സ് 11/462(549) വാടകക്കാരൻ വത്സല വർഗ്ഗീസ്, പുലിക്കോട്ടൽ – ലൈസൻ
ആൻഡ്രൂസ്.ടി.ഐ, തെക്കുംപുറം വീട്.
വാടകക്കാർ അനധികൃതമായി കെട്ടിടം/മുറികൾ കൈമാറ്റം ചെയ്തിട്ടുള്ളതായാണ് ഇതിൽ നിന
മനസ്സിലാകുന്നത്. ഇത്തരം പ്രവണതകൾ കണ്ടെത്തുന്നതിനും അവരിൽ നിന്നും മുറി തിരികെ ഏറ്റെടു
പുനർലേലം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി:3/18.01.2022)

## 1-31 തൊഴിൽ നികുതി - അപാകതകൾ

കേരള മുനിസിപ്പാലിറ്റി നിയമം 245 വകുപ്പ് പ്രകാരം നഗരസഭാ പരിധിയിൽ ഒരു അർദ്ധവർഷത്തി
അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, അറു
ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന
പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെ
അനുശാസിക്കുന്നു. ഇത് പ്രകാരം നഗരസഭയിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താ
പറയുന്ന അപാകതകൾ കാണുന്നു.

I) 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | താലൂക്ക് ഓഫീസ്, തലപ്പിള്ളി | II Nd Half |
| 2 | പോസ്റ്റ് ഓഫീസ്, റെയിൽവേ സ്റ്റേഷൻ, വടക്കാഞ്ചേരി | Ist Half |
| 3 | പോലീസ് സ്റ്റേഷൻ, വടക്കാഞ്ചേരി | II Nd Half |
| 4 | ഇറിഗേഷൻ സബ് ഡിവിഷൻ, വടക്കാഞ്ചേരി | Ist Half |
| 5 | ഹോട്ടൽ ന്യൂ കാസിൽ, വടക്കാഞ്ചേരി | I & II |
| 6 | കൺസ്യൂമർഫെഡ്, റീജിയണൽ ഓഫീസ് | I & II |
| 7 | മുത്തൂറ്റ് സെക്യൂരിറ്റീസ്, വടക്കാഞ്ചേരി | I & II |
| 8 | പോസ്റ്റ് ഓഫീസ്, വ്യാസഗിരി | I & II |
| 9 | ഡോക്ടേഴ്സ് മെഡിക്കൽ സെന്ററർ, വടക്കാഞ്ചേരി | Ist Half |
| 10 | ഇൻസ്റ്റ കാർട്ട് പ്രൈവറ്റ് ലിമിറ്റഡ് | II Nd Half |
| 11 | ഫുഡ് സേഫ്റ്റി ഓഫീസ്, ചേലക്കര സർക്കിൾ | I & II |
| 12 | അസാപ് സെന്ററർ, ജി.എച്ച്.എസ്.എസ്, വടക്കാഞ്ചേരി | Ist Half |

| | | |
|---|---|---|
| 13 | എക്സൈസ് ഓഫീസ്, വടക്കാഞ്ചേരി | Ist Half |
| 14 | പോസ്റ്റ് ഓഫീസ്, കുമരനെല്ലൂർ | I & II |
| 15 | ഒലിവിയ സ്കൂൾ, ഒന്നാംകല്ല് | I & II |
| 16 | കെ.എസ്.സി.എസ്.സി ഡിപ്പോ | II Nd Half |
| 17 | ടെക്മേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, വടക്കാഞ്ചേരി | I & II |
| 18 | ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് | Ist Half |
| 19 | റിലയൻസ് റീട്ടെയിൽ ലിമിറ്റഡ്, വടക്കാഞ്ചേരി | Ist Half |
| 20 | ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്, വടക്കാഞ്ചേരി | I & II |
| 21 | പോസ്റ്റ് ഓഫീസ്, പാർളിക്കാട് | I & II |
| 22 | നെക്സ് സ്റ്റീൽ കൺസെപ്റ്റ്സ്, പെരിങ്ങണ്ടൂർ | I & II |
| 23 | പോസ്റ്റ് ഓഫീസ്, മുണ്ടത്തിക്കോട് | II Nd Half |
| 24 | പി.എച്ച്.സി, മുണ്ടത്തിക്കോട് | II Nd Half |

II) കുമരനെല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം, കുമ്പളങ്ങാട് ക്ഷീരോത്പാദക സഹകരണസംഘ

പുതുരുത്തി ക്ഷീരോത്പാദക സഹകരണ സംഘം, പെരിങ്ങണ്ടൂർ ക്ഷീരോത്പാദക സഹരണ സംഘ മുണ്ടത്തിക്കോട് ക്ഷീരോത്പാദക സഹകരണ സംഘം എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികു ഈടാക്കിയിട്ടില്ല.

III) 2020-21 വർഷത്തിൽ നഗരസഭയുടെ വിവിധ പ്രവൃത്തികൾ കരാറെടുത്തവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
എൻ.എൽ.വിൻസൻ, പി.സി.ദേവസ്സി, സ്റ്റാൻലി.കെ.പി, വി.കെ.ഉണ്ണികൃഷ്ണൻ, പി.വി.സുബ്രമണ്യ വിനീഷ്.ഇ.വി, പി.എം.മുഹമ്മദ്കുട്ടി, സുരേന്ദ്രൻ.വി.കെ, ഷൈജു.സി.എഫ്, അനൂപ്.പി.മാത്യു, റോ അഗസ്റ്റിൻ, അശോകൻ എങ്കക്കാട്, അലക്സ്.പി.മാത്യു, പ്രദീപ് കുമാർ കൊല്ലാറ, ഡെയ്സൺ.സി.എ റോയ്.കെ.പി, ദിബിൻ.ഇ.എസ്, അനിൽകുമാർ.വി, ഷീജ അനിൽകുമാർ, ടി.എ.അബൂബക്കർ, അബ്ദു റഷീദ്, മേജോ കൊള്ളന്നൂർ, വിഷ്ണു.യു.എസ് എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

IV) നഗരസഭയുടെ കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്കടുത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കു നാൽപ്പത്തഞ്ചോളം സ്ഥാപനങ്ങളുടെ വിവരം ഓഡിറ്റ് അന്വേഷണം നം. 21/27.01.2022 പ്രകാ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴ് നികിതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/29.01.2022 ന് മറുപ ലഭ്യമാക്കുകയുണ്ടായില്ല.

## 1-32 വിവിധ വരവിനങ്ങൾ വാർഷിക കണക്കിൽ പൊരുത്തപ്പെടുന്നില്ല

1) തൊഴിൽ നികുതി (ട്രേഡ്സ്)
A) 2020-21 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം കുടിശ്ശികയിനത്തിലെ വരവ് 5,05,9 രൂപയും ബാലൻസ് ഷീറ്റ് ബി-15 പ്രകാരം കുടിശ്ശികയിനത്തിൽ അവശേഷിക്കുന്ന തുക 1,67,1 രൂപയുമാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷത്തെ ബാലൻസ് ഷീറ്റ് കുടിശ്ശികയില്ലാതിരിക്കുകയും റസീറ്റ് & പേയ്മെന്റ് പത്രികയിൽ അഞ്ച് ലക്ഷത്തിലധികം വരവ അതിനുശേഷം രണ്ട് ലക്ഷത്തോളം കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തേണ്ടി വന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.
B) 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 82,08,036/- രൂപ തൻവർഷം കുടിശ്ശ ലഭിക്കുവാനുണ്ട്. ഇത്രയും ഭീമമായ കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവ

അറിയിക്കേണ്ടതാണ്.

2) തൊഴിൽ നികുതി (എംപ്ലോയീസ്)
2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം ഡിമാന്റ് 71,84,929/- രൂപയും റസീപ്റ്റ് പേയ്മെന്റ് പത്രിക പ്രകാരം 70,82,479/- രൂപയുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ കുടിശ്ശ രേഖപ്പെടുത്തിയിട്ടില്ല.
ജീവനക്കാരുടെ തൊഴിൽ നികുതി വരവ് വരുന്നതിനനസരിച്ച് മാത്രം ഡിമാ രേഖപ്പെടുത്തുന്നതായതിനാൽ ഇത്തരത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം ഡിമാന്റും കളക്ഷനും തമ്മ് വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

3) വാടക (Rent From Civic Amenities)
2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം ഡിമാന്റ് 41,27,218/- രൂപയും റസീപ്റ്റ് പേയ്മെന്റ് പത്രിക പ്രകാരം വരവ് 33,52,973/- രൂപയുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി പ്രകാരം തൻവർഷം ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 6,36,370/- രൂപയാ യഥാർത്ഥത്തിൽ 41,27,218 – 33,52,973 = 7,74,245 ആണ് ബാലൻസ് ഷീറ്റിൽ വരേണ്ടിയിരുന്നത്.

4) ലൈസൻസ് ഫീ
2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം ഡിമാന്റ് 11,98,900/- രൂപയും റസീപ്റ്റ് പേയ്മെന്റ് പത്രിക പ്രകാരം വരവ് 1,95,190/- രൂപയുമാണ്. 2019-20 വാർഷിക കണക്കിലെ ബാലൻസ് ഷ പ്രകാരം ലൈസൻസ് ഫീയിനത്തിൽ അഡ്വാൻസായി ലഭിച്ച 6,93,920/- രൂപയും ചേർത്ത് ലഭിച്ചതായ 8,89,1 രൂപ കഴിച്ച് കുടിശ്ശികയായി വരേണ്ടത് 3,09,790/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 3,04,7 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5) വസ്തുനികുതി (കുടിശ്ശിക)
2019-20 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഈയിനത്ത് കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള തുക 2,18,24,797/- രൂപയും തൻവർഷം (2019-20) ലഭിക്കുവാനുള്ള 62,30,695/- രൂപയുമാണ് (ആകെ 2,80,55,492/-). എന്നാൽ 2020-21 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രി പ്രകാരം കുടിശ്ശികയിനത്തിലെ വരവ് 1,94,61,096/- രൂപയാണ്. 2020-21 വാർഷിക കണക്കിലെ ബാലൻസ് ഷ ഷെഡ്യൂൾ ബി-15 പ്രകാരം 76,12,873/- രൂപയാണ് കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്.

യഥാർത്ഥത്തിൽ 2,80,55,492 – 1,94,61,096 = 85,94,396 ആണ് ബാലൻസ് ഷീറ്റിൽ വരേണ്ടിയിരുന്നത്.

6) വസ്തുനികുതി (തൻവർഷം)
2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം ഡിമാന്റ് 1,51,44,918/- രൂപയും റസീപ്റ്റ് പേയ്മെന്റ് പത്രിക പ്രകാരം വരവ് 1,23,87,753/- രൂപയുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി പ്രകാരം തൻവർഷം ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 28,86,524/- രൂപയാ
യഥാർത്ഥത്തിൽ 1,51,44,918 – 1,23,87,753 = 27,57,165 ആണ് ബാലൻസ് ഷീറ്റിൽ വരേണ്ടിയിരുന്നത്.

വാർഷിക കണക്കിലെ മേൽ സൂചിപ്പിച്ച പൊരുത്തക്കേടുകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 
50/31.01.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-33 പബ്ലിക് കംഫർട്ട് സ്റ്റേഷൻ -വരവിലെ അപാകതകൾ

2020-21 വർഷത്തിൽ Public Sanitation Charges എന്ന ഇനത്തിൽ 25,140 രൂപ വരവ് കാണിച്ചിട്ടുണ്ട്. ഈ വിവരങ്ങ പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതക കാണുന്നു.
1) കെ.കരുണാകരൻ ഷോപ്പിംഗ് കോംപ്ലക്സിലെ കംഫർട്ട് സ്റ്റേഷന്റെ ഫയലിൽ മുൻ വർഷങ്ങള് കരാറെടുത്ത് ശ്രീ.ഷബീർ, കിണറാമാക്കൽ എന്നിവരിൽ നിന്നും 68,118/- രൂപ കുടിശ്ശികയിനത്ത് ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2018-19, 2019-20, 2020-21 വർഷങ്ങളിലെ വാർഷ് കണക്കുകളിൽ ഇത്തരത്തിൽ കുടിശ്ശിക ലഭിക്കുവാനുള്ളതായി ബാലൻസ് ഷീറ്റ് രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ ഉൾപ്പെടാത്തിടത്തോളം ഈ തുക നഷ്ട പോകുന്നതിനുള്ള സാധ്യത നിലനിൽക്കുകയാണ്.
ഓഡിറ്റ് അന്വേഷണം നം. 75/01.02.2022 നുള്ള മറുപടിയിൽ ബാലൻസ് ഷീറ്റിൽ കുടിശ്ശ് രേഖപ്പെടുത്തുന്നതിന് വിട്ടുപോയതാണെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നട സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
2) മേൽ കംഫർട്ട് സ്റ്റേഷൻ 2016-17 വർഷം 1,13,500/- രൂപയ്ക്കും 2017-18 വർഷം 1,19,175/- രൂപയ്ക്കും കര നൽകിയിട്ടുള്ളതാണ് എന്ന് ഫയലിൽ കാണുന്നു. എന്നാൽ തുടർ വർഷങ്ങളിൽ വരുമാനത്തിൽ ഗണ്യമ കുറവ് വരുന്ന രീതിയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നഗരസഭയുടെ തനത് വരുമാ നഷ്ടപ്പെടാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
3) നിലവിൽ ഓട്ടുപാറ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ വരവ് കൂടി ഈ വർഷങ്ങളിലെ കണക്കുകള്

ഉൾപ്പെട്ടിട്ടുള്ളതാണ്. കുടുംബശ്രീ മുഖാന്തിരമാണ് ഇവിടെ കളക്ഷൻ പിരിക്കുന്നതെന്നാ
അറിയിച്ചിട്ടുള്ളത്. ഇവിടെ കളക്ഷൻ പിരിക്കുന്നതിന് കുടുംബശ്രീ അംഗങ്ങൾക്കായി നൽകുന്ന വേത
എപ്രകാരമാണെന്നതിനെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
4) 2020-21 വർഷത്തെ Public Sanitation Charges എന്ന ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ഓട്ടുപ
ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ വരവ് മാത്രമാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത് എന്ന് കാണുന്നു.

മേൽ വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്..

## 1-34 രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

1) പരസ്യ നികുതി ഇനത്തിൽ 19,650/- രൂപ കുടിശ്ശികയുള്ളതായി 2019-20 വർഷത്തെ വാർഷിക കണക്ക്
രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഫയൽ, രേഖകൾ എന്നിവയും കുടിശ്ശിക ഈടാക്കുന്നത
സ്വീകരിച്ച വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2) Rent Receivable From Lease On Lands എന്ന ഇനത്തിൽ 2019-20 വാർഷികകണക്കിൽ തൻവർഷം 1,284/- ര
കുടിശ്ശികയുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശികയുടെ വിവരങ്ങളടങ്ങ
ഫയലും ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരങ്ങളും പരിശോധനയ്
ഹാജരാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/27.01.2022 നുള്ള മറുപടിയിൽ പഞ്ചായത്തുക
തമ്മിൽ കൂട്ടി യോജിപ്പിച്ച് നഗരസഭ നിലവിൽ വന്നപ്പോൾ Carry Forward ചെയ്ത് വന്നതാണ് എന
ആയതിന്റെ ഫയലുകളും രേഖകളും ലഭ്യമായിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ലഭ്യമാ
കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
3) Sale Of Other Products എന്ന ഇനത്തിൽ 46,484/- രൂപയും Sale Of Scrap എന്ന ഇനത്തിൽ 19,500/- രൂപയും 202(
സാമ്പത്തിക വർഷത്തിൽ വരവുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയലുക
രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.
4) Receipts From Auction Of Obselete Assets എന്ന ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 6,20,792/- ര
വരവുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഫയലും അനുബ
രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

ഓഡിറ്റ് അന്വേഷണം നം. 23/27.01.2022 നുള്ള മറുപടിയിൽ ഇത് സംബന്ധിച്ച വിവരങ്ങ
ലഭ്യമാക്കുകയുണ്ടായില്ല.

## 1-35 ആംബുലൻസ് കളക്ഷൻ - അപാകതകൾ

1) KL-8/Q – 7033 നമ്പറിലുള്ള ആംബുലൻസിന്റെ കളക്ഷനു വേണ്ടി അനുവദിച്ച രശീതി പുസ്തകം നം. 275, എന്നിവ പരിശോധിച്ചതിൽ രശീതി പുസ്തകം നം. 275 ലെ മുഴുവൻ രശീതികളും 311 ലെ രശീതി 310070/28.01.2022 വരെയുമുള്ള തുകയായി ആകെ 1,52,156/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ത നഗരസഭയിൽ അടവാക്കിയതിന്റെ രശീതികൾ ലഭ്യമാക്കിയത് പ്രകാരം 1,22,293/- രൂപ മാത്രമാ അടവാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.56/31.01.2022 നുള്ള മറുപടിയ ദൂരയാത്രയിൽ ഡ്രൈവർമാർ ഡീസൽ അടിച്ച തുക കുറച്ച് ബാക്കി നഗരസഭയ അടവാക്കുന്നതിനാലാണ് ഈ വ്യത്യാസം വന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് ചട്ടങ്ങൾ വിരുദ്ധമാണ്. രശീതി പ്രകാരമുള്ള മുഴുവൻ തുകയും കൃത്യമായി നഗരസഭയിൽ അടവാക്കേണ്ടത ചെലവ് തുക റീകൂപ്പ് ആയി നൽകുകയും ചെയ്യേണ്ടതാണ്.

2) ആംബുലൻസിന്റെ ഉപയോഗം സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല.

3) രശീതിയിൽ ഓടിയ കിലോമീറ്റർ, ആയതിന്റെ ചാർജ്ജ്, വെയിറ്റിംഗ് ചാർജ്ജ് എന്ന രേഖപ്പെടുത്തേണ്ടതാണ്. ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

4) ലോഗ്ബുക്കിൽ മാസാന്ത്യസംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. അതാത് ദിവസത്തെ ഓട്ടം സംബന്ധ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. വാടകയായി ഓടുന്നതിന്റെ വിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ചുമതലപ്പെട്ടവർ ആയത് പരിശോധിക്കേണ്ടതുമാണ്.

ബൈലോ തയ്യാറാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-36 പുതിയതായി തനത് ഫണ്ട് അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011 തീയതിയിലെ സർക്കുലർ നമ്പർ 58725/എഫ്.എം.3/20 തസ്വ.ഭ.വ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ട പുറമെ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ, ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്ര നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തരുതെന്ന എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയുണ്ടായി. മേൽ സർക്കുലറിന്റെ 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17(2) എന്നിവയുടേയും അടിസ്ഥാനത്ത നഗരസഭയിലെ തനത് ഫണ്ട് സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നത

ആവശ്യപ്പെട്ടിരുന്നു.

1) തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി നഗരസഭയിൽ നിലവിലുണ്ടായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയി
അക്കൗണ്ട് എച്ച്.ഡി.എഫ്.സി ബാങ്കിലേക്ക് മാറ്റുന്നതിന് 06.07.2021 തീയതിയിലെ സ്റ്റീറിങ്ങ് കമ്മി
യോഗത്തിലെ തീരുമാനം നം. 11 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഈ തീരുമാനം നഗരസഭ കൗൺസി
യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയി
2) ഇത്തരത്തിൽ പുതുതലമുറ ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിന് ഏതെങ്കിലും ഉത്തരവോ, പ്രത്യേ
അനുമതിയോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കിയിട്ടില്ല.
3) മേൽ പ്രസ്താവിച്ച സ്റ്റീറിങ്ങ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സിലോ മറ്റു ദിവസങ്ങളിലെ മിനിറ്റ്സി
ഹാജർ ഒപ്പ് വയ്ക്കുന്നതല്ലാതെ യോഗ തീരുമാനങ്ങൾ അംഗീകരിച്ച് യോഗ അദ്ധ്യക്ഷനോ
ചുമതലപ്പെട്ടവരോ സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

മേൽ വിവരങ്ങൾ അറിയിക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 74/02.02.2022 നൽകുകയുണ്ടായെങ്കി
മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ക്വാറികളുടെ വിവരം ലഭ്യമാക്കിയില്ല

തൃശ്ശൂർ ജില്ലാ കളക്ടറുടെ 30.06.2021 ലെ ബി7-4777/2021 നം. കത്ത് പ്രകാരം മൈനിങ്ങ് & ജിയോള
വകുപ്പിന്റെയോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ അനുമതിയില്ലാതെ അനധികൃതമാ
പ്രവർത്തിക്കുന്ന ക്വാറികൾ സംബന്ധിച്ച വിവരങ്ങളും, പ്രവർത്തനാനുമതിയോടു കൂടി നടത്തു
ക്വാറികളും അവയുടെ പ്രവർത്തന കാലാവധിയെക്കുറിച്ചുള്ള വിവരങ്ങളും, പ്രവർത്തന കാലാവ
കഴിഞ്ഞിട്ടുള്ളതും അനധികൃതഖനനം/നിയമലംഘനം നടത്തിയത് മൂലം സ്റ്റോപ്പ് മെമ്മോ നൽകി അട
പൂട്ടിയിട്ടുള്ളതുമായ ക്വാറികളിൽ അനധികൃതമായി ഖനനം നടത്തുന്നുണ്ടോയെന്നുമുള്ള വിവരങ്ങ
ജിയോളജിസ്റ്റ്, സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരുടെ സഹായത്തോടെ സ്ഥലപരിശോധന നടത്
വിശദമായ വിവരങ്ങളടങ്ങിയ റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തി
നഗരസഭാ പരിധിയിൽ ഇത്തരത്തിലുള്ള ക്വാറികളുടെ വിവരം ശേഖരിച്ച് ക്രോഡീകരിച്ചിട്ടുണ്ടെങ്കി
ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 69/01.02.2022 മുഖാന്തി
ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല.

## 1-38 ചെക്കുകൾ അടിയന്തിരമായി നഗരസഭ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്

സാംഖ്യ സോഫ്റ്റ്‌വെയറിലെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ചെക്കുക
കളക്ഷനായി നഗരസഭയുടെ അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നില്ല.

| ക്രമ നം | ചെക്ക് നം | ചെക്ക് തിയ്യതി | തുക |
|---|---|---|---|
| 1 | 971201 SIB,Wadakkanchery | 05/03/2020 | 5000 |
| 2 | 971202 SIB,Wadakkanchery | 05/03/2020 | 5000 |
| 3 | 633029,Dhanalakshmi Bank | 23/04/20 | 9500 |
| 4 | 000385,HDFC,Wadakkanchery | 16/03/20 | 10,100 |
| 5 | 000028,HDFC,Wadakkanchery | 30/3/20 | 17082 |
| 6 | 255767 | 28/4/20 | 21666 |
| 7 | 103445,SIB,TSR | 2/4/20 | 22055 |
| 8 | 154675,Dhanalakshmi Bank,TSR | 9/10/20 | 14000 |
| 9 | 0101323,LGTSB A/C,Thalapilly | 3/11/20 | 199819 |
| 10 | 121753,TDCB,Wadakkanchery | 29/2/2016 | 4640 |
| 11 | 121704,TDCB,Wadakkanchery | 29/2/2016 | 10000 |
| 12 | 000269,TDCB,Wadakkanchery | 29/2/2016 | 9600 |
| 13 | 1762338,TSB,Wadakkanchery | 22/2/21 | 5000 |
| 14 | 0719522,TSB,Wadakkanchery | 24/2/21 | 5300 |
| 15 | 0303307,TSB,Wadakkanchery | 16/3/21 | 6000 |

ഈ ചെക്കുകൾ അക്കൗണ്ടിൽ വരവായി വന്നിട്ടുണ്ടെങ്കിൽ ബാങ്കിൽ നിന്നുള്ള ക്രെഡിറ്റ് വിവ
അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി 83/2.2.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാ
പ്രസ്തുത ചെക്കുകൾ വരവായി വന്നിട്ടില്ലെങ്കിൽ തുകകൾ നഗരസഭഫണ്ടിൽ മുതൽകൂട്ടുന്നതിനു
അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 റോഡ് കട്ടിങ്ങ് ചാർജ്ജ് ഈടാക്കിയില്ല

ഫയൽ നം.E1-5126/20 പ്രകാരം ശ്രീമതി.സുബൈദ, തച്ചൊടി ഹൗസ് എന്നവർക്ക് റോഡ് മുറിച്ച് കൈ ഇടുന്നതിനായി റോഡ് കട്ടിങ്ങ് ചാർജ്ജായി 11145/- ഡിമാന്റ് ചെയ്തിട്ടുണ്ട്. മരാമത്ത് കമ്മിറ്റിയുടെ 15.9.2( തിയ്യതിയിലെ 9-ാം നമ്പർ തീരുമാനപ്രകാരം 11,145/-രൂപ അടയ്ക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നത തീരുമാനിച്ചതായി കാണുന്നു. തുക അടവാക്കുന്നതിന് കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാ കത്ത് ഫയലിൽ ലഭ്യമല്ല. 5.12.20-ാം തിയ്യതിയ്ക്കുശേഷം ഈ ഫയലിൽ യാതൊരു നടപടിക സ്വീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകപയറി 78/1.2.22 നൽകി, ഉദ്യോഗസ്ഥരു കുറവുമൂലമാണ് കത്ത് അയയ്ക്കാത്തതെന്നും, ഓവർസിയറോട് പ്രസ്തുത സ്ഥലത്ത് പോയി അന്വേഷ നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ സമയബന്ധിതമാ അപേക്ഷകൾ തീർപ്പാക്കുന്നതിനും, റോഡ് കട്ടിങ്ങ് ചാർജ്ജുകൾ ഈടാക്കുന്നതിനും നടപടിക സ്വീകരിക്കേണ്ടതാണ്.

## 1-40 കെട്ടിടത്തിന്റെ മുഴുവൻ വിസ്തൃതിയ്ക്കും വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്

1. ഒക്യുപ്പൻസി സാക്ഷ്യപത്രം PW1-E1/10673/20 തി.27.2.21 പ്രകാരം ശ്രീ.അജിത്കുമാർ &സുരേഷ് കുമ പണിക്കത്ത് ഹൗസ് എന്നവരുടെ 1548.88 ച.മീ വിസ്തൃതിയിലുള്ള കെട്ടിടത്തിന് 32/820A മുതൽ 32/820 H വ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. പെർമിറ്റ് നം A18-BA(50067)/17 Dt 3.10.17 പ്രകാരമാണ് കെട്ടിടത്ത നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. പൂർത്തീകരിച്ച പ്ലാൻ പ്രകാരം 1936 ച.മീറ്റർ ഉള്ളതായി കാണു എന്നാൽ ഒക്യുപ്പൻസി നൽകിയിട്ടുള്ളത് 1548.88 ച.മീറ്റർ വിസ്തൃതിയ്ക്ക് മാത്രമാണ്. അതായത് 387.12 ച വിസ്തൃതിയ്ക്ക് ഒക്യുപ്പൻസി നൽകിയിട്ടില്ല. ആയതുമൂലം 387.12 ച.മീ വിസ്തൃതിയ്ക്ക് വസ്തുനികു നിർണ്ണയിച്ചിട്ടുമില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകപയറി 29/28.1.22 നൽകി. കാർപാർക്കി വിസ്തൃതിയായതിനാൽ പ്ലിന്ത് വിസ്തൃതിയിൽ നിന്ന് ഒഴിവാക്കിയതാണെന്നും, പാർക്കിങ്ങ് വിസ്തൃ കെ.എം.ബി.ആർ പ്രകാരം യൂസബിൾ ലിവിംഗ് വിസ്തൃതി അല്ലാത്തതിനാലാണ് ഒക്യുപൻസിയിൽ നി ഒഴിവാക്കിയത് എന്നുമാണ് അറിയിച്ചത്. ചട്ടപ്രകാരം പൊതു ആവശ്യത്തിനായ് നീക്കി വച്ചിരിക്ക സ്ഥലത്തിന് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഈ കെട്ടിടത്തിന്റെ 387.12 ച വിസ്തൃതിയ്ക്ക് വസ്തുനികുതി നിർണ്ണയിച്ചില്ല. ആയതിനാൽ 387.12 ച.മീ വിസ്തൃതിയ്ക്ക് വസ്തുനികു നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഫയൽ നം.ഇ1/1844 തി.20.2.21 പ്രകാരം സ്റ്റീൽ എന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്ങ് ലിമിറ്റഡ് എ

സ്ഥാപനത്തിന്റെ 10,269.12 ച.മീറ്റർ വരുന്ന വ്യവസായ കെട്ടിടത്തിന് 32/766 മുതൽ 32/774 വരെ നമ്പറുക നൽകിയിട്ടുള്ളതായി കാണുന്നു. സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 9262 ച.മീ വരുന്ന വിസ്തൃതിയ് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/25. നൽകി.വസ്തുതി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാ അധികം വരുന്ന വിസ്തൃതിയ്ക്ക് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടു എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷ സാക്ഷ്യപത്രമില്ലാതെയാണ് താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 1 | 32/820 A To H | 1548.88 | വാണിജ്യം |
| 2 | 2/451 A To F | 203.97 | വാണിജ്യം |
| 3 | 32/819A | 181 | വാണിജ്യം |
| 4 | 32/473A | 564.98 | വാണിജ്യം |
| 5 | 32/214A To X | 649.88 | വാണിജ്യം |
| 6 | 25/104,104A,104B | 275.45 | വാണിജ്യം |
| 7 | 31/212A | 371.22 | താമസം |
| 8. | 12/299B | 242.80 | താമസം |
| 9. | 27/257A | 188.48 | താമസം |
| 10 | 32/567A | 277.49 | താമസം |
| 11 | 1/240A | 224.28 | താമസം |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 29/28.1.22 നൽകി.വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാത്തവരു ലിസ്റ്റ് തയ്യാറാക്കി വില്ലേജ് ഉദ്യോഗസ്ഥനെ അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. സർക്ക ഉത്തരവു പ്രകാരം വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിട നമ്പർ അനുവദിക്കാൻ പാടില്ല. 202 സാമ്പത്തിക വർഷത്തിൽ കെട്ടിടനമ്പർ നൽകിയ എല്ലാ അപേക്ഷകളിലും വാല്യൂവേഷ സാക്ഷ്യപത്രമുണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 ചട്ടപ്രകാരമല്ലാതെ അനധികൃത കെട്ടിടം ക്രമവത്ക്കരിച്ചു

ശ്രീമതി. ലത സോമസുന്ദരൻ, ചെറുപാറ, വലിയവീട്ടിൽ, മിണാലൂർ എന്നവരുടെ അനധികൃതമാ നിർമ്മിച്ച 476.45ച.മീ വിസ്തൃതിയിലുള്ള കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് 11/5/2020-ാം തിയ്യതിയ് നഗരസഭയിൽ അപേക്ഷ നൽകിയിട്ടുണ്ട്. അസസ്സ്മെന്റ് പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ (നം.30 വിസ്തീർണ്ണം 60ച.മീറ്ററാണ്. എന്നാൽ സ്ഥലത്തുപോയി അളവെടുത്തപ്പോൾ 154 ച.മീ ഉള്ളതായി ഫയല് രേഖപ്പെടുത്തിയിട്ടുണ്ട് (154 ച.മീ ഷെഡിനു പുറമേ മറ്റ് ഷെഡുകളും സ്ഥലത്ത് നിലനിൽക്കുന്നു ഫയലിൽ (ബിഎ 6/2020-21) പരിശോധനയിൽ പ്രസ്തുത സ്ഥലത്തെ കെട്ടിടം പി.ഡബ്ല്യു.ഡി റോഡിനേ ചേർന്നു നിൽക്കുന്നതായാണ് ബോധ്യപ്പെടുന്നത്. ആയതിനാൽ കെ.എം.ബി.ആർ റൂൾ 23 പ്രകാ ക്രമവത്ക്കരിക്കാൻ സാധിക്കില്ലായെന്ന് ഓവർസിയർ 21.1.21-ാം തിയ്യതിയിൽ റിപ്പോർട്ട് ചെയ്തതായി ഫയ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. ആയതുപ്രകാരം കക്ഷിയ്ക്ക് കത്ത് അയയ്ക്കുന്നത തീരുമാനിച്ചിരുന്നു. എന്നാൽ റവന്യൂഫയൽ ആർ1/2809/21 പ്രകാരം ഈ കെട്ടിടത്തിന്റെ 154 ച.മീ വിസതീർണ്ണം 18.3.21 -ാം തിയ്യതിയിൽ ക്രമവത്ക്കരിച്ച് നൽകി. 29.6.21 -ാം തിയ്യതിയ്യിൽ റവന്യൂ ഇൻസ്പെ 476.45 ച.മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടത്തിന് 30/80A UA എന്ന നമ്പർ നൽകി വസ്തുനികുതി (BT-78678/- 7076/- LC-3931) നിർണ്ണയിച്ചതായി കാണുന്നു. എന്നാൽ സഞ്ചയ പ്രകാരം നിലവിൽ ഈ കെട്ടിട ന ഉള്ളതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/25.1.22 നൽകി. കെ.എം.ബി.ആ നിലവിൽ വരുന്നതിന് മുമ്പുള്ള കെട്ടിടമാണെന്ന് ബോധ്യപ്പെട്ടതിനാലാണ് ഷെഡുക ക്രമവത്ക്കരിച്ചതെന്നും, ഗ്രാമപഞ്ചായത്തായ കാലത്താണ് പ്രസ്തുത കെട്ടിടം നിർമ്മാ നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെടുന്നുവെന്നും, 154 ച.മീ പഴയ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർ കാണുന്നില്ലായെന്നുമാണ് മറുപടി നൽകിയത്. ഷെഡുകൾ ക്രമവതിക്കരിക്കുന്നതിന് അപേ നൽകിയത് 11.5.20-ം തിയ്യതിയിലാണ്. അനധികൃത ഷെഡുകൾ കെ.എം.ബി.ആർ വരുന്നതിന് മുമ്പു ഷെഡുകളാണെന്ന് ബോധ്യപ്പെടുത്തുന്ന രേഖകളൊന്നും തന്നെ മുനിസിപ്പാലിറ്റിയിൽ ഇല്ല. നഗരസഭയു മറുപടി പരിഗണിച്ചാൽ തന്നെ ഷെഡുകൾ ഇത്രയും നാൾ അനധികൃതമായാണ് പ്രവർത്ത

വന്നിരുന്നതെന്ന് വ്യക്തമാണ്. ഈ കാലയളവിൽ എന്തുകൊണ്ടാണ് ചട്ടപ്രകാരമുള്ള നടപടിക
കെട്ടിടത്തിനെതിരെ എടുക്കാതിരുന്നത് എന്നതിന് വ്യക്തതയില്ല. ആയതിനാൽ കെ.എം.ബി.ആ
ചട്ടലംഘനമുള്ള കെട്ടിടത്തിന്റെ നമ്പർ റദ്ദുചെയ്ത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാ
കെട്ടിടം നിർമ്മാണം പൂർത്തികരിച്ചതു മുതൽ നാളിതു വരെയുള്ള വസ്തുനികുതി (ചട്ടപ്രകാരം അടസ്ഥ
വസ്തുനുകുതിയുടെ മൂന്നിരട്ടി) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-43 കെ.എം.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടത്തിന് നമ്പർ നൽകി

1. ഡാരിസ്.പി, കുരിയൻ എന്നവരുടെ 366.85 വിസ്തൃതിയിലുള്ള വാണിജ്യ താമസ കെട്ടിടത്തിന് 32/4
മുതൽ 32/473A13 വരെ നമ്പറുകൾ നൽകിയിട്ടുള്ളതായി കാണുന്നു. പെർമിറ്റ് നം.പി.ഡബ്ല്യു1-ബി
(61487)/18 തി. 19.6.18 പ്രകാരമാണ് കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. 5.5.20
തിയ്യതിയിലാണ് ഒക്യുപ്പൻസി നൽകിയിട്ടുള്ളത്. എഞ്ചീനിയറിങ്ങ് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാ
കവറേജ് 49.78% ആണ്. എന്നാൽ യഥാർത്ഥ കവറേജ് 66.09 (133.24/201.6) ആണ്. കെ.എം.ബി.ആർ പ്രകാ
താമസകെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് 65% ആണ്. ചട്ടലംഘനമുള്ള കെട്ടിടത്ത
കെട്ടിടനമ്പർ അനുവദിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/25.1.22 നൽ
റൂൾ 8(Iii) പ്രകാരം വരാന്തകളുടെ 50% മാത്രം തറവിസ്തീർണ്ണം കണക്കാക്കുന്നതിന് എടുത്താൽ മതിയെന്ന
അങ്ങനെ കണക്കാക്കുമ്പോൾ കവറേജ് 57.94% മാത്രമേ ആവുകയുള്ളോയെന്നാണ് മറുപടി നൽകിയ
കവറേജ് കണക്കാക്കുന്ന ചട്ടങ്ങളിൽ മേൽ പ്രസ്താവിച്ചത് ഉള്ളതായി കാണുന്നില്ല. ആയതിനാൽ കെ
നമ്പർ റദ്ദു ചെയ്ത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഒക്യുപ്പൻസി നം.ഇ1/11292/20-21 തി.20.2.21 പ്രകാരം ശ്രീ.അബ്ദുൾ നാസർ, മന്തിയിൽ ഹൗസ്, വടക്കേക
മിണലൂർ എന്നവരുടെ 164.9 ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയിട്ടു
കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണ്ണം 158 ച.മീറ്ററാണ്. കെട്ടിടത്തിന്റെ കവറേജ് പ്ലാൻ പ്രകാരം 65.
(102.72/158) ആണ്. കെ.എം.ബി.ആർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമ
കവറേജ് 65% ആണ്. ചട്ടലംഘനമുള്ള കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചതിന് കാര
ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 32/28.1.22 നൽകി. പ്ലാസ്റ്ററിങ്ങിന്റെ ക
വന്നതാണെന്നാണ് മറുപടി നൽകിയത്. ആയത് ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്ന
ആയതിനാൽ കെ.എം.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടത്തിന്റെ നമ്പർ റദ്ദു ചെയ്ത് ചട്ടപ്രകാരമു
നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 വസ്തുനികുതി പരിഷ്ക്കരണം നടത്തിയപ്പോൾ അടിസ്ഥാന വസ്തുനികുതി കുറവായി നിശ്ചയിച്ച് ഈടാക്കുന്നു

നഗരസഭ വസ്തുനികുതി പരിഷ്ക്കരണം അന്തിമ വിഞ്ജാപനപ്രകാരം (R1-A3/4383/17 Dt 28/9/2018) വിസ്തീർ 100ച.മീറ്ററിനു മുകളിൽ വരുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതിയുടെ അടിസ്ഥാന നിരക്ക് 70രൂ ച.മീറ്ററുമാണ് . വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ വസ്തുനികുതി പരിഷ്ക്കരണം നടത്തിയപ്പോൾ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി കുറവായാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | നിരക്ക്(@ച.മീ) |
|---|---|---|---|
| 1 | 10/834 | 108ച.മീ | 40രൂപ/ച.മീ |
| 2 | 10/1082 | 232 ച.മീ | 40രൂപ/ച.മീ |
| 3 | 10/1019 | 216 ച.മീ | 40രൂപ/ച.മീ |
| 4 | 10/1013 | 116 ച.മീ | 40രൂപ/ച.മീ |
| 5 | 21/619 | 109 ച.മീ | 40രൂപ/ച.മീ |
| 6 | 27/137 | 112.27ച.മീ | 40രൂപ/ച.മീ |
| 7 | 37/591 | 118.97ച.മീ | 40രൂപ/ച.മീ |
| 8 | 37/574 | 169.17ച.മീ | 40രൂപ/ച.മീ |

2016-17 സാമ്പത്തിക വർഷം മുതൽ തെറ്റായ നിരക്കിലാണ് വസ്തുനികുതി ഈടാക്കി വരുന്നത്. ആയത മറുപടി ലഭ്യമാക്കാൻ താത്പര്യപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/25.1.22 നൽ മറുപടിയിൽ പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഏതാനും കുറച്ച് കെട്ടിടങ്ങളു സഞ്ചയയിലെ ഫോം 6 പരിശോധിച്ചപ്പോഴാണ് ഈ അപാകത കണ്ടെത്തിയത്. ആയതിനാൽ 100 ച.മീറ്റ മുകളിൽ വിസ്തൃതി വരുന്ന എല്ലാ കെട്ടിടങ്ങളുടെയും സഞ്ചയയിലെ ഫോം 6 പരിശോധ അപാകതകളുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 നികുതിപിരിവ്- താല്ക്കാലിക ജീവനക്കാരുടെ നിയമനകാലയളവ് ദീർഘിപ്പിച്ചതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ല

നഗരസഭയിലെ ജീവനക്കാരുടെ അപര്യാപ്തത കാരണം പുതിയ നിരക്കിലുള്ള നികു പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടില്ല എന്നും ആയതിനാൽ കെട്ടിടനമ്പറിംഗിനും, നികുതിപിരി കാര്യക്ഷമമാക്കുന്നതിനുമായി 22 താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതിയ്ക്കായി 05- 2017-ലെ ജെ1-5796/17 നമ്പർ കത്തുപ്രകാരം (നഗരസഭ കൗൺസിൽ തീരുമാനം നം.8/28-06-20 സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31-10-2017ലെ സ (സാധാ)നം.3477/2017/തസ്വഭവ ഉത്തരവ് പ്രകാരം 22 താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമ നല്കുകയും ഉണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരം നിയമിതരായ താൽക്കാലിക ജീവനക്കാരു സേവന കാലാവധി 12/08/2021 ലെ നഗരകാര്യവകുപ്പ് ഡയറക്ടറുടെ ഇ8-23671/2018 ഉത്തരവിൻ പ്രകാ 01/10/2020 മുതൽ 90 ദിവസത്തേയ്ക്കു ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.ഇതിൽ പ്രകാരം ടി ജീവനക്കാർ 31/12/2020 വരെ ജോലിയിൽ തുടരുന്നതിനേ അർഹതയുള്ളു.എന്നാൽ പ്രസ്തുത ജീവനക്കാരുടെ സേവ നിലവിലും {ഓഡിറ്റ് കാലയളവിലും(2/2/2022 )}സർക്കാർ അനുമതിയില്ലാതെ തുടരുന്നുണ്ട്.

31/12/2020 നു ശേഷം സേവന കാലാവധി ദീർഘിപ്പിക്കുന്നതിനോ, ഈ കാലയളവിൽ നൽകിയ ശമ്പ ക്രമീകരിച്ച് സർക്കാർ ഉത്തരവ് ലഭിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിതിന്റെ വിവരം, നികു പരിഷ്ക്കരണ നടപടികൾക്കായി എത്ര പേരെ നിയമിച്ചിട്ടുണ്ട്, ടി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടേ നികുതി നിർണ്ണയം, ഈടാക്കൽ എന്നിവയുടെ നിലവിലെ സ്ഥിതി വിവരം, നികുതി കുടിശ്ശ് പിരിവിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന (52/31.01.20 ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

2020-21 ൽ സർക്കാർ അനുമതിയില്ലാതെ തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| മാസം | വൗച്ചർ നം./തീ. | തുക | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 01/2021 | 22001361/03-02-2021 | 199375 | 10 |
| 02/2021 | 22001504/05-03-2021 | 177625 | 10 |
| | | 377000 | |

31/12/2020 നു ശേഷം സേവന കാലാവധി ദീർഘിപ്പിക്കുന്നതിനോ ,ഈ കാലയളവിൽ നൽകിയ ശമ്പ ക്രമീകരിച്ച് സർക്കാർ ഉത്തരവ് ലഭിക്കുന്നതിനോ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ ലഭ്യമാക്കേണ്ടതാണ്.30/09/2020 നു ശേഷം താത്ക്കാലിക ജീവനക്കാരുടെ സേവന കാലാവ

ദീർഘിപ്പിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി 12/01/2021 (ആർ -1/4383/17 നമ്പർ കത്ത്)ലാണ് നഗര അപേക്ഷിച്ചിട്ടുള്ളത്. സമയബന്ധിതമായി അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നതാ കാണുന്നു.സർക്കാർ അനുമതി സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടിക സ്വീകരിക്കേണ്ടതാണ്.

## 1-46 ഹാജർ പുസ്തകത്തിൽ അവധി രേഖപ്പെടുത്തിയില്ല

2020 വർഷത്തെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ശ്രീമതി സാവിത്രി എം, പാർട് ടൈം സ്വീപ്പർ എ ജീവനക്കാരി 02.05.2020 മുതൽ 31.05.2020 വരെ ഹാജർ രേഖപ്പെടുത്തുകയോ അവധിയുടെ വിവരങ്ങ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 49/31.01.2022 മറുപടിയായി ടി ജീവനക്കാരി 04.05.2020 മുതൽ 29.05.2020 വരെ അവധിക്ക് അപേക്ഷിച്ചിരുന്നതാ ടിയാൾക്ക് അവധി അനുവദിച്ചിട്ടുള്ളതായും എന്നാൽ അവധിയുടെ വിവരം ടിയാളു സേവനപുസ്തകത്തിൽ രേഖപ്പെടുത്താൻ വിട്ടു പോയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഹാജർ പുസ്തകപ്രകാ ടിയാൾ 02.05.2020 മുതൽ 31.05.2020 വരെ ഹാജരായിട്ടില്ല. 02.05.2020, 03.05.2020, 30.05.2020, 31.05.2020 എ ദിവസങ്ങളിൽ അവധി അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിച്ചിട്ടില്ല. 02.05.2020 മുതൽ 31.05.2020 വ ദിവസങ്ങളിലേക്ക് അർഹതയുള്ള അവധി അനുവദിച്ച് ആയത് സേവനപുസ്തകത്തിൽ രേഖപ്പെടുത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-47 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

വടക്കാഞ്ചേരി നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2020 വർഷത്തിൽ നൽകിയ താഴെ പറയുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു.

| | | | | |
|---|---|---|---|---|
| 1 | 255737/2.4.20 | 50000 | വൈകുണ്ണൻ, HI | കോവിഡ് പ്രതിരോധ പ്രവർത്തനം |
| 2 | 255762/24.4.20 | 20000 | സുമേഷ് പവിത്രൻ, JHI | കമ്മ്യൂണിറ്റി കിച്ചൻ |
| 3 | 255800/22.5.20 | 25000 | വൈകുണ്ണൻ, HI | സ്കൂൾ ശുചീകരണം |

| | | | | |
|---|---|---|---|---|
| 4 | 357729/19.8.20 | 15000 | അനീഷ് എൻ ബി, JHI | കോവിഡ് പ്രതിരോധം |
| 5 | 443435/23.10.20 | 25000 | സുമേഷ് പവിത്രൻ,JHI | നഗരസഭാ കെട്ടിടം ഉദ്ഘാടനം |

ജി.ഒ.(പി)നമ്പർ 419/11/ഫിൻ തീയതി 04.10.2011 പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി 3 മാസത്തിനകം ആ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുക പിൻവലിച്ച തീയതി മുതൽ അഡ്ജസ്റ്റ് ചെയ്യുന്ന തീയതി വ 18% നിരക്കിൽ പിഴപലിശ കൂടി ഈടാക്കേണ്ടതാണ്. മുകളിൽ പറഞ്ഞ പ്രകാരം അഡ്വാൻസു സമയപരിധിയ്ക്കകം അഡ്ജസ്റ്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് അന്വേഷണം ന 76/01.02.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ ജീവനക്കാരിൽ നിന്ന മുഴുവൻ അഡ്വാൻസ് തുകയും 18% പിഴപലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റ് അറിയിക്കേണ്ടതാണ്.

## 1-48 വടക്കാഞ്ചേരി പുഴ ക്ലീനിങ്ങ് - എസ്റ്റിമേറ്റ്, ടെണ്ടർ നടപടികൾ എന്നിവ ഇല്ലാതെ പ്രവൃത്തി നടത്തി

വടക്കാഞ്ചേരി പുഴയിൽ നിന്നും പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ എന്ന പ്രവൃത്തിക്കുവേണ്ടി വൌ നമ്പർ 22000561/16.7.2020 പ്രകാരം 9,24,061 രൂപ സന്ദീപ് കെ എം എന്നയാൾക്ക് നൽകിയിട്ടുണ്ട്. ജി.എസ് ഐ.ടി. എന്നിവയടക്കം ആകെ ചെലവ് 9,52,640 രൂപയാണ്. പുഴയിൽ നിന്നും മണ്ണ് വാരുന്നതിനും നീ ചെയ്യുന്നതിനുമുള്ള ഹിറ്റാച്ചി, ടിപ്പർ ലോറി മുതലായവയുടെ വാടകയിനത്തിൽ നൽകിയതാണ് ടി ത ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടി പ്രവൃത്തി നടപ്പാക്കുന്നതിനു മുൻപായി എസ്റ്റിമേറ്റ് എടുക്കുകയോ ടെണ്ടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങ സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/തസ്വഭവ. തീയതി 08-11-2010 പ്രകാരം ഒരു ലക രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള സാധനങ്ങളോ സേവനങ്ങളോ സമാഹരിക്കുന്നതിന് ഓപ്പൺ ടെ നടപടി സ്വീകരിക്കേണ്ടതാണ്. ടി പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ ഒഴിവാക്കുന അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ ഒന്നും ഫയലിൽ കാണുന്നില്ല.

2. സംഭാവനയിനത്തിൽ 5,08,540 രൂപ പൊതുജനങ്ങളിൽ നിന്നും കൈപ്പറ്റിയതായും ടി ത ഇന്ധനചെലവിനത്തിൽ ഉപയോഗിച്ചിട്ടുണ്ടെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭക്കുവേ സംഭാവന സ്വീകരിക്കുന്നതിന് നഗരസഭയുടെ രസീത് ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ ഉപയോഗ നഗരസഭയുടെ രസീതോ കളക്ഷൻ രജിസ്റ്ററോ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

3. പ്രവൃത്തിയുടെ ആകെ ചെലവ് 14,61,180 രൂപയാണെങ്കിലും GST, IT എന്നിവ 9,52,640 രൂപയുടെ മാത്രമാ കരാറുകാരനിൽ നിന്നും ഈടാക്കിയത്.

മേൽപറഞ്ഞ അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 66/31.01.2022 പ്രകാ ആവശ്യപ്പെട്ടതിന് മറുപടിയായി ടി പ്രവൃത്തി സെക്രട്ടറി നേരിട്ട് നിർവ്വഹണം നടത്തിയതാണെ സർക്കാർ നിരക്ക് പ്രകാരം ഈ പ്രവൃത്തി ചെയ്യുകയാണെങ്കിൽ നിലവിൽ ചെലവായ സംഖ്യയുടെ ര ഇരട്ടിയോളം തുക വരുന്നതാണ് എന്നും ജില്ലാ കളക്ടറുടെ ഉത്തരവു പ്രകാരമാണ് നടപടിക സ്വീകരിച്ചിട്ടുള്ളതെന്നും പൊതുജനങ്ങൾ സംഭാവന നൽകിയത് നഗരസഭയുമായി ബന്ധമുള്ളതല്ല എന ആകെ പ്രവൃത്തിയുടെ ചെലവിൽ നിന്നും സംഭാവന തുക കഴിഞ്ഞുള്ള തുകയ്ക്ക് മാത്രം ഐ ജി.എസ്.ടി എന്നിവ ഈടാക്കിയത് ജില്ലാ കളക്ടറുടെ ഉത്തരവു പ്രകാരമാണ് എന്നുമാണ് പ്രവൃത്ത നടത്തിയ അസി.എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച ജില്ലാ കളക്ടറുടെ ഉ ഉത്തരവും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുക പാലിക്കാതെ നടത്തിയ മേൽ പറഞ്ഞ പ്രവൃത്തിക്ക് ചെലവായ 9,52,640 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന

## 1-49 ദിവസവേതന നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല

31-10-2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3477/2017/ത.സ്വ.ഭ.വ പ്രകാരം നിയമിതരായ താല്ക്കാലി ജിവനക്കാരെ കൂടാതെ വിവിധ തസ്തികകളിലായി ഓഡിറ്റു വർഷം താഴെ പറയുന്ന പതിനന്നോ താല്ക്കാലിക ജീവനക്കാർ നഗരസഭയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച സർക്ക ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആ ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി. നിഷ | ഡാറ്റ എൻട്രി |

| | | |
|---|---|---|
| 2 | ശ്രീമതി.വിജി എം.വി | ക്ലർക്ക് |
| 3 | ശ്രീമതി.ശാഖി | ,, |
| 4 | ശ്രീമതി.മേരീസ് | കിയോസ്ക്ക് മെസ്സൻജർ |
| 5 | ശ്രീമതി.സീമ | ഡാറ്റ എൻട്രി |
| 6 | ശ്രീമതി.സിന്ധു സോമൻ | വർക്കർ |
| 7 | ശ്രീമതി.ലൂസി | ക്ലർക്ക് |
| 8 | ശ്രീ.സുബി സൈമൺ | ഓവർസിയർ Gr.III |
| 9 | ശ്രീ.രവീന്ദ്രൻ | ഡ്രൈവർ |
| 10 | ശ്രീ.വിനോജ് | ഡ്രൈവർ |
| 11 | ശ്രീ.അബ്ദുൾ അസീസ് | ഡ്രൈവർ |

മേൽ ജീവനക്കാരിൽ ജെ.എച്ച്.ഐ Gr.II, ഡ്രൈവർ എന്നിവരുടെ ഓരോ ഒഴിവുകൾക്കു മാത്രമേ നിലവ് അംഗീകാരമുള്ളൂ.

ജി.ഒ (എം.എസ്) നം.109/2016/തസ്വഭവ തീ.5/08/16 പ്രകാരം നഗരസഭയ്ക്കു റഗുലർവിഭാഗത്തിൽ 24 കണ്ടിജന്റ് വിഭാഗത്തിൽ 23ഉം തസ്തികകൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇതിനു പുറമേയാ മേൽപ്രകാരം താത്ക്കാലിക നിയമനം നടത്തിയിട്ടുള്ളത്. 26/2/2016 തീയ്യതിയിലെ സ.ഉ.(പി) നം.28/2016/ ഉത്തരവിൽ ദിവസ വേതന/കരാർനിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്ര നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയമനം നടത്താവൂ എന്ന നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് ധനവകുപ്പ് 11/01/2019 ൽ പുറപ്പെടുവിച്ച 03/2019/ധന സർക്കുലറിൽ ഈ ഉത്ത കർശനമായി പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ മേൽ പ്രകാരമു താത്ക്കാലിക നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. ഇത് സംബന്ധ ഫയൽ പരിശോധിച്ചതിൽ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും കാണുന്ന് സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം താത്ക്കാലിക നിയമനങ്ങൾക്ക് അംഗീകാരം നേടുന്നതിന നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന നടത്തുന്നതിനുമുള്ള നടപടിക

സ്വീകരിക്കുന്നതിലേക്കും അധികാരികളുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട് (ഓഡിറ്റ് എൻക്വ നം.52/31-01-2022)

## 1-50 വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടി

**പ്രോജക്ട് നം. 06/21 - വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി)**

വൗച്ചർ നം.22001582/27.02.21 തുക : ₹3,84,000/-

വൗച്ചർ നം.22001587/12.03.21 തുക : ₹1,92,000/-

വൗച്ചർ നം.22001588/12.03.21 തുക : ₹1,92,000/-

ആകെ : **₹7,68,000/-**

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം കോസ്റ്റൽ ഇൻഡസ്ട്രീസ് കോഴിക്കോട് നിന്നും കട്ടിലൊന്നിന് ₹3,8 നിരക്കിൽ വാങ്ങി 200 കട്ടിൽ പട്ടിക ജാതി വിഭാഗത്തിനായി വിതരണം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഫയ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) വിതരണ രജിസ്റ്ററും, വ്യക്തിഗത ഫയലും പരിശോധിച്ചതിൽ ഒരേ ഗുണഭോക്താവിനു ത ഒന്നിലധികം കട്ടിൽ വിതരണം ചെയ്തിരിക്കുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പരുകൾ |
|---|---|---|
| 1 | വി.കെ. കാർത്ത്യായനി, വാലിപ്പറമ്പിൽ വീട്, കുമ്പളങ്ങാട്, കാഞ്ഞിരക്കോട് (പി.ഓ) | 13 ,32 & 139 |
| 2 | ദേവകി വേലായുധൻ, മനപ്പടി വീട്, കുമ്പളങ്ങാട്, കാഞ്ഞിരക്കോട് (പി.ഓ) | 36 & 97 |

| | | |
|---|---|---|
| 3 | ഉണ്ണികൃഷ്ണൻ. എ.വി.ആറ്റൂർ വീട്, പെരിങ്ങണ്ടൂർ | 60 & 115 |

II) വിതരണ രജിസ്റ്ററും, വ്യക്തിഗത ഫയലും പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളു ജാതി സർട്ടിഫിക്കറ്റ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ |
|---|---|---|
| 1 | ജാനു.സി.കെ. മുല്ലക്കാട്ടുവളപ്പിൽ, കുമ്പളങ്ങാട് | 1 |
| 2 | കൗസല്യ.എം.സി. മുല്ലക്കാട്ടുവളപ്പിൽ, കുമ്പളങ്ങാട് | 2 |
| 3 | കുറുമ്പ കിഴക്കെപുരയ്ക്കൽ വീട്, മാരാത്തുകുന്ന് | 27 |
| 4 | കേശവൻ.സി.പി. ചീരാത്ത് വീട്, എങ്കക്കാട് | 28 |
| 5 | കുഞ്ഞമ്മ കുട്ടൻ, മാരാത്ത് വീട്, മാരാത്തുക്കുന്ന് | 43 |
| 6 | നീലി, പാറമ്മേൽ വീട്, പെരിങ്ങണ്ടൂർ | 49 |
| 7 | കൊച്ചുകുട്ടൻ, മാരാത്ത് കുന്ന് കോളനി, മാരാത്ത്ക്കുന്ന് | 51 |
| 8 | കുട്ടി ശങ്കരൻ, മാരാത്ത്കുന്ന് കോളനി, | 53 |

| | | |
|---|---|---|
| | മാരാത്ത്ക്കുന്ന് | |
| 9 | കാളിക്കുട്ടി, മുല്ലക്കാട്ടുവളപ്പിൽ കുമ്പളങ്ങാട് | 57 |
| 10 | വിജയൻ.എ.സി. ആമക്കോട്ടിൽ, പെരിങ്ങണ്ടൂർ | 59 |
| 11 | നീലി, കൊടക്കാടത്ത് വീട്, കുമരനെല്ലൂർ | 84 |
| 12 | മാധവി, കാർമ്മൽ വീട്, കുമരനെല്ലൂർ | 89 |
| 13 | രാമൻ.പി.എ. പാറങ്ങനാട്, മിണലൂർ | 99 |
| 14 | ശാരദ.പി.വി. പാലിയത്തുവളപ്പിൽ, പാർളിക്കാട് | 100 |
| 15 | ജാനകി, കൊട്ടിലപ്പുറത്ത്, മുണ്ടത്തിക്കോട് | 102 |
| 16 | ശങ്കരൻ.കെ.സി. കോത്തോട്ടിൽ വീട്, പതുരുത്തി | 112 |
| 17 | കാളിക്കുട്ടി മുല്ലക്കാട്ടുവളപ്പിൽ, കുമ്പങ്ങാട് | 117 |
| 18 | എ.സി. ഉണ്ണികൃഷ്ണൻ, അയ്യത്ത് വീട്, കുമരനെല്ലൂർ | 121 |

| | | |
|---|---|---|
| 19 | കുറുമ്പ, ചോരത്തെ വീട്, എങ്കക്കാട് | 136 |
| 20 | രാമചന്ദ്രൻ.ഇ.കെ., ഇയ്യാനിക്കോട്ടിൽ വീട്, മുണ്ടത്തിക്കോട് | 146 |
| 21 | ചാത്ത, വാരിയത്ത് മാരാത്തുക്കുന്ന് കോളനി | 188 |
| 22 | കാർത്ത്യായനി വട്ടേക്കാട്ടുവളപ്പിൽ, മങ്കര | 196 |

III) വിതരണരജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഫയൽ പരിശോധനയ് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ |
|---|---|---|
| 1 | കുട്ടാപ്പു മാരാത്ത്കുന്ന് | 30 |
| 2 | ജാനകി കോട്ടിലപ്പുറത്ത്, പാർളിക്കാട് | 102 |
| 3 | കാർത്ത്യായനി, കൊടപ്പിനി, പെരിങ്ങണ്ടൂർ | 176 |

**<u>പ്രോജക്ട് നം.175/21 - വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി)- സ്പിൽ ഓവർ</u>**

വൗച്ചർ നം.22000125/12.04.20 തുക :₹ 2,36,665/-

വൗച്ചർ നം.22000126/12.04.20 തുക : ₹2,36,665/-

വൗച്ചർ നം.22000127/12.04.20 തുക : ₹2,15,150/-

ആകെ : **₹6,88,480/-**

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം ആർട്ട്കോയിൽ നിന്നും കട്ടിലൊന്നിന് ₹4,303/- നിരക്കിൽ വാങ്ങി കട്ടിൽ പട്ടിക ജാതി വിഭാഗത്തിനായി വിതരണം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഫയൽ പരിശോധിച്ചത് താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) ഈ പ്രോജക്ടിൽ കട്ടിൽ വിതരണം ചെയ്ത ഗുണഭോക്താവായ കാർത്ത്യായനി എം.എ. W/O. കറപ്പ പ്ലാശ്ശേരി വീട് , ആര്യംപാടം (വിതരണ രജിസ്റ്റർ ക്രമനം.44) എന്നവർക്കു തന്നെ തന്നാണ്ടിലെ പട്ടിക ജാ വിഭാഗത്തിനായി കട്ടിൽ വിതരണം ചെയ്ത 06/21 - വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) പ്രോജക്ട് (വിതരണ രജിസ്റ്റർ ക്രമനം.44) പ്രകാരവും കട്ടിൽ വിതരണം ചെയ്തിട്ടുള്ളതാണ്.

II) വിതരണ രജിസ്റ്ററും, വ്യക്തിഗത ഫയലും പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളു ജാതി സർട്ടിഫിക്കറ്റ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ |
|---|---|---|
| 1 | ഗംഗാധരൻ.പി.ടി. പെരിങ്ങോട്ടുക്കര വീട്, അരവൂർ | 70 |
| 2 | സരോജിനി പൂലായിവളപ്പിൽ, എങ്കക്കാട് | 86 |
| 3 | അമ്മിണി W/O. ചാത്ത കൊടപ്പേനിയിൽ, പെരിങ്ങണ്ടൂർ | 97 |
| 4 | കുഞ്ഞിമാളു, മാരാത്തുവളപ്പിൽ | 113 |
| 5 | കറപ്പക്കുട്ടി, കൊടക്കാടത്ത് വീട്, കുമരനെല്ലൂർ | 136 |
| 6 | വേശു, മേലതിൽ വീട്, വടക്കാഞ്ചേരി | 146 |

| | | |
|---|---|---|
| 7 | കുഞ്ഞയ്യപ്പൻ, പാറങ്ങാട്ട്പടി, പാർളിക്കാട് | 158 |

III) സർക്കാർ ഉത്തരവ് (കൈ)22/2018 ത.സ്വ.ഭ.വ. തിയതി : 14.02.2018ലെ ഖണ്ഡിക : 7.1.13(2) പ്രകാരം 60 വയ കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ നല്കാവുന്നത് എന്നാൽ 60 വയസ്സ് പൂർത്തീകരിക്കാ ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുള്ളതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | ഹാജരാക്കിയ രേഖ പ്രകാരം ഗുണഭോക്താവിന്റെ പ്രായം |
|---|---|---|---|
| 1 | ശാന്ത.എം.എസ്. മേലാട്ടുപറമ്പിൽ, റെയിൽവേ സ്റ്റേഷൻ-പി.ഓ., വടക്കാഞ്ചേരി | 12 | 56 (ജനന വർഷം ആധാർ പ്രകാരം:1965) |
| 2 | കാർത്ത്യായനി, കോംമ്പിയിൽ വീട്, മാരാത്തുക്കുന്ന് | 114 | 57 (ജനന വർഷം ആധാർ പ്രകാരം:1964) |

IV) വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ കട്ടിൽ ഒറ്റ കൈപ്പറ്റിയിട്ടില്ലാത്തതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ |
|---|---|---|
| 1 | കമലം, കാർമ്മൽ വീട്, കുമരനെല്ലൂർ | 155 |
| 2 | കാർത്ത്യായനി, കടമ്പാട്ട് വീട് പരുത്തിപ്ര | 159 |

2020-21 വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിനായി കട്ടിൽ വിതരണം ചെയ്യുന്നതിന് രര
പ്രോജക്റ്റുകളിലുമായി ₹14,56,480/- ചെലവഴിച്ചിട്ടുള്ളതാണ് എന്നാൽ മേൽ അപാകതകൾ മൂലം പദ്ധ
ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ 39/29-01-2022 നമ്പർ എൻക്വയറിയ
മറുപടി ലഭിച്ചിട്ടില്ല. മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിലും അപാകതകളുടെ അടിസ്ഥാനത്തിി
ഈ ഇനത്തിൽ ചെലവഴിച്ച ₹14,56,480/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്റ്റുകളുെ ചെലവു രേഖകളോ ഫയലുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്റ്റുകളുടെ ചെലവു രേഖകര
ഫയലുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | പ്രോജക്റ്റ് നമ്പർ നിർവ്വഹണ ഏജൻസി | വൗച്ചർ നം/ ചെക്ക് നംപർ | തുക (₹) | ഫണ്ട് വിവരം |
|---|---|---|---|---|
| 1 | 2/21 പദ്ധതി രൂപീകരണം നിർവ്വഹണം | 22000694/22.06.20 | 102553 | വികസന ഫണ്ട് ജനറൽ |
| | | 22000710/19.08.20 | 42923 | |
| | | 22001420/20.01.21 | 94355 | |
| | | 22001209/01.10.20 | 64450 | |
| | | 22001244/11.11.20 | 95480 | |
| 2 | 244/21 സർവ്വ ശുദ്ധി ഡി.പി.ആർ. ഹരിതകർമ്മ സേനയ്ക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് , ഹരിത | 22001229/03.11.20 | 2,00,000 | വികസന ഫണ്ട് ജനറൽ |
| | | 22001796/26.03.21 | 14,516 | |
| | | 22001778/31.03.21 | 3,53,419 | കേന്ദ്രാവിഷ്കൃതഫണ്ട് |
| | | 001986/11.01.21 | 1,00,000 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| | | 001992/23.01.21 | 1,00,000 | |
| | | 001988/27.01.21 | 1,00,000 | |

| | | | | | | |
|---|---|---|---|---|---|---|
| | സഹായ സ്ഥാപന ചെലവുകൾ | 001994/31.03.21 | 2,51,431 | | ആകെ | 15,19,127 |

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ ₹15,19,127/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.46/29.02.2022)

## 1-52 എസ്.സി. ലാപ്പ്ടോപ്പ് പ്രോജക്ട്-സ്പിൽ ഓവർ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 298/21 എസ്.സി. ലാപ്പ്ടോപ്പ് പ്രോജക്ട്-സ്പിൽ ഓവർ പ്രകാ ₹11,35,150/- (വൗച്ചർ നം.22000683/21.05.20) ചെലവഴിച്ച് ₹22,703/- നിരക്കിൽ 50 ലാപ്പ് ടോപ്പുകൾ കെൽട്രോണ് നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയു അപാകതകൾ കാണുന്നു.

1) 18.11.2019ലെ പ്രോഫോർമ ഇൻവോയ്സ് നമ്പർ:TVM/ITBG/PI/RC/11453/19-20 പ്രകാരമാണ് മേൽ വൗ പ്രകാരമുള്ള തുക നല്കിയിരിക്കുന്നത്. സ്ഥാപനത്തിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് പരിശോധനയ് ഹാജരാക്കിയിട്ടില്ല.

2) ഗുണഭോക്താക്കൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ല എ കാണിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) താഴെ പറയുന്ന വിദ്യാർത്ഥികൾ പാരലൽ കോളേജിൽ പഠിക്കുന്നവരാണ് ഇവർക്ക് യൂണിവേഴ് രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | പഠിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്യാംജിത്ത്. വി.എസ്. വട്ടംപറമ്പിൽ വീട്, മുണ്ടത്തിക്കോട് | കോ-ഓപ്പറേറ്റീവ് ആർട്ട്സ് ആന്റ് സയൻസ് കോളജ്, തൃശ്ശൂർ |
| 2 | അശ്വൻ.ആർ. മാങ്ങോട്ടിൽ വീട്, | സെന്റ് തോമസ് അക്കാദമി, |

| | | |
|---|---|---|
| | മംഗലം | ബസലിക്കാ കമ്മ്യൂണിറ്റി സെൻ്റർ, തൃശ്ശൂർ |
| 3 | അഞ്ജിതാ മാധവൻ.എ. അയ്യപ്പത്ത് പടിക്കൽ, മുണ്ടത്തിക്കോട് | ചിന്മയാ മിഷൻ കോളേജ്, കോലഴി |

4) ഹാജരാക്കിയ രേഖകൾ പ്രകാരം ഗുണഭോക്താവായ ഉമാഭാരതി.പി.സി. പാറപ്പുറത്ത് വീട് ,കുമ്പളങ്ങ എന്ന ഗുണഭോക്താവ് ഫാർമസി ഡിപ്ലോമ പാർട്ട്-1 (ന്യൂ സ്കീം) 2018 നവംബറിൽ പഠന കലാവ പൂർത്തീകരിക്കുകയും, 25-04-2019ന് കോഴ്സ് സർട്ടിഫിക്കറ്റ് ആർജ്ജിക്കുകയും ചെയ്തിട്ടുള്ളതാ ഗുണഭോക്താവിന്റെ പഠനകാലാവധി പൂർത്തീകരിച്ചതിനുശേഷം ലാപ്പ് ടോപ്പ് വിതരണം ചെയ്തതിന് സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻകചയറി നം.57/31.01.2022ന് മറുപടി ലഭ്യമാക്കിയില്ല. രേഖകളു അഭാവത്തിൽ പ്രോജക്ടിന്റെ ചെലവു തുകയായ ₹11,35,150/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-53 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് സ്റ്റിൽ ഓവർ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ 608/20 പട്ടിക ജാതി കുടുംബങ്ങൾക്ക് വാ ടാങ്ക് സ്റ്റിൽ ഓവർ പ്രോജക്ടിൽ വികസന ഫണ്ട് എസ്.സി.പി. ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം ത ചെലവഴിച്ചിട്ടുള്ളതാണ്.

| ക്രമ നം. | വൗച്ചർ നം | തുക (₹) |
|---|---|---|
| 1 | 21900762/16.09.19 | 1,20,000 |
| 2 | 21900786/25.10.19 | 1,20,000 |
| 3 | 21900957/20.11.19 | 30,000 |
| 4 | 21901032/12.12.19 | 90,000 |
| **ആകെ** | | **3,60,000** |

മേൽ പറഞ്ഞതു കൂടാതെ ഗുണഭോക്തൃ വിഹിതമായി ₹1,50,000/- (വൌച്ചർ നം.21901388/12.02.20 തു ₹1,20,000/- & 21901398/26.03.20 തുക:₹30,000/-) ചെലവഴിച്ചിട്ടുള്ളതാണ്.

2020-21 വർഷത്തിൽ 147/21 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് സ്പിൽ ഓവർ പ്രോജക്ടിൽ വികസ ഫണ്ട് എസ്.സി.പി. ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതാണ്

| ക്രമ നം. | വൗച്ചർ നം | തുക (₹) |
|---|---|---|
| 1 | 22000184/12.04.20 | 90,000 |
| 2 | 22000713/04.09.20 | 24,000 |
| 3 | 22001809/28.03.21 | 90,000 |
| **ആകെ** | | 2,04,000 |

താഴെ പറയും പ്രകാരം പേൾസ് സ്പോട്ട് അകപാ സിസ്റ്റംസ് ആന്റ് സൊലൂഷൻസ്, മലപ്പുറം എ സ്ഥാപനത്തിൽ നിന്നും ടാങ്കൊന്നിന് ₹2400/- പ്രകാരം 310 ടാങ്കുകൾ വാങ്ങിയിട്ടുണ്ട്

| ക്രമ നം. | ഇൻവോയ്സ് നമ്പറും,തിയതിയും | ടാങ്കുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | 161/03.09.2019 | 50 | 1,20,000 |
| 2 | 199/15.10.2019 | 50 | 1,20,000 |
| 3 | 224/20.08.20 | 10 | 24,000 |
| 4 | 228/13.11.2019 | 50 | 1,20,000 |
| 5 | 246/30.11.2019 | 50 | 1,20,000 |
| 6 | 288/06.01.20 | 50 | 1,20,000 |
| 7 | 730/24.03.21 | 50 | 1,20,000 |
| ആകെ | | 310 | 7,44,000 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതാണ്.

1) സർക്കാർ ഉത്തരവ് (കൈ)22/2018/ത.സ്വ.ഭ. തിയതി.14.02.2018 ഖണ്ഡിക നം:6.6(5) പ്രകാരം പട്ടികജാ ഗുണഭോക്താക്കൾക്കായി പി.വി.സി.വാട്ടർ ടാങ്ക് (500ലിറ്റർ) പരമാവധി 75% എന്നതാണ് അനുവദിക്കാവു സബ്സിഡി. ആയതു പ്രകാരം ₹2400 വില വരുന്ന ടാങ്കിന് സബ്സിഡി ₹1,800/-യും, ഗുണഭോക്തൃ വിഹിതം ₹6 യാണ് ഈടാക്കേണ്ടിരുന്നത്. എന്നാൽ പല ഗുണഭോക്താക്കളിൽ നിന്നും ₹613/-നിരക്കിലും പലരിൽ നിന ₹600/- നിരക്കിലുമാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുള്ളത്.ആയതിനാൽ തന്നെ ഗുണഭോക വിഹിതം ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിനായിട്ടില്ല. പല നിരക്കിൽ ഗുണഭോക

വിഹിതം ഈടാക്കിയതിന്റെ കാരണം അറിയിക്കേണ്ടതാണ്. സബ്സിഡി നിരക്ക് ₹1,800/-പ്രകാരം 310 ടാങ്ക ₹5,58,000/-യാണ് വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിരുന്നത്. എന്നാൽ മേൽ പട്ടികപെടുത്ത് പ്രകാരം 2019-20,20-21 വർഷങ്ങളിലായി ₹5,64,000/- ചെലവഴിച്ചിട്ടുള്ളതാണ്. വികസനഫണ്ടിൽ നിന്നും ₹6,0 അധികം ചെലവഴിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്.

2) മേൽ പട്ടികപെടുത്തിയ 310 ടാങ്കുകളിൽ 290 ടാങ്കുകൾ വിതരണം ചെയ്തതിന്റെ വിശദാംശം മാത്ര വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കി 20 ടാങ്കുകൾ സംബന്ധിച്ച വിവരങ്ങ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) താഴെ പറയുന്ന ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്.

| ക്രമ. നം | ഗുണഭോക്താവിന്റെ പേരി | വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ |
|---|---|---|
| 1 | രാധാമണി, മേലേമ്പാട്ട് | 33 |
| 2 | ലീല കേശവൻ,മേലേമ്പാട്ട് | 68 |
| 3 | ഉഷ വേലായുധൻ | 53 |
| 4 | സുമതി ചന്ദ്രൻ, വട്ടപറമ്പിൽ | 135 |
| 5 | കാർത്ത്യായനി കൊടക്കാടത്ത് | 189 |
| 6 | ദേവു മേലേതിൽ | 281 |
| 7 | പാറു കിഴക്കുംപുറത്ത് | 263 |
| 8 | കമലു മുളക്കൽപടി | 273 |

4) ഈ പദ്ധതിയിലെ ഗുണഭോക്താവായ കാർത്ത്യായനി എം.ഡി. (വിതരണ രജിസ്റ്റർ പ്രകാരമുള്ള ക്ര നമ്പർ 41) എന്നവർ ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ലാത്തതാണ്.
മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച മൊത്തം തുകയായ ₹7,44,0 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.48/31.01.2022)

# 1-54 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകൾ - വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം. & പേര് | വൗച്ചർ നമ്പർ | വിതരണം ചെയ്ത ഏജൻസി | വിതരണം ചെയ്ത സാധന സാമഗ്രികൾ | അളവ്/ എണ്ണം |
|---|---|---|---|---|---|
| 1 | 299/21 ദുരന്ത നിവാരണം ജീവൻരക്ഷാ ടീം രൂപീകരണം - സ്പിൽ ഓവർ (ഫയൽ നമ്പർ: J1-9931/19) | 22001567/20.02.21 തുക:₹13,980/- | കിസാൻമിത്ര സർവ്വീസ് സെന്റർ | ചെയിൻ സോ | 1എണ്ണം |
| | | | | ഓയിൽ | 2എണ്ണം |
| | | | | ചെയിൻ | 2എണ്ണം |
| | | | റൈഡ്കോ | ഫെല്ലിംഗ് നൈഫ് | 10എണ്ണം |
| | | | | പുല്ലുവീശി | 10എണ്ണം |
| | | | | ഹെഡ് ലൈറ്റ് | 2എണ്ണം |
| 2 | 44/21 ദുരന്ത നിവാരണം ജീവൻരക്ഷാ ടീം രൂപീകരണം | 22000789/24.09.20 തുക:₹61780/- | റൈഡ്കോ | KAMCO ബ്രഷ് കട്ടർ- KBC 300 | 2എണ്ണം |
| | | | | റോപ്പ് ഗോൾഡ് | 40.100 Kg. |
| | | | | ഹാന്റ് ഗ്രാൻഡർ മെറ്റൽ കട്ടിം ടൈപ്പ് | 1 എണ്ണം |
| 3 | 140/21നഗരസഭയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ | 22001418/ 22.01.21 തുക: | വിശ്വാസ് കംപ്യൂട്ടേഴ്സ്, കുന്നംകുളം | ഹാർഡ് ഡിസ്ക് 1 TB WD | 2 എണ്ണം |

| | | | | | |
|---|---|---|---|---|---|
| | സാമഗ്രികളും വാങ്ങൽ (ഫയൽ നമ്പർ: PC1-6925/20) | ₹8200/- | | എക്സ്സ്റ്റേണൽ | |
| | | 22001419/ 22.01.21 തുക: ₹97880/- | ₹97880/-വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്. | | |
| 4 | 737/21 നഗരസഭയ്ക്ക് IBPMSസോഫ്റ്റ് വെയർ സജ്ജീകരിക്കുന്നതിനുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകണങ്ങളും വാങ്ങൽ | 22001791/ 18.03.21 തുക: ₹78038/- | ₹78038/- വിശ്വാസ് കംമ്പ്യൂട്ടേഴ്സ്, കുന്നംകുളം എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ തുകയ്ക്കുള്ള ബിൽ, ക്വാട്ടേഷൻ ഭരണ സമിതി അംഗീകരിച്ചതിന്റെ രേഖപ്പെടുത്തൽ തുടങ്ങിയ ചെലവു വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ലാത്തതാണ്. | | |
| 5 | 146/21 മെറ്റീരിയൽ റിക്കവറി സെന്ററിലേയ്ക്ക് യന്ത്രസാമഗ്രികൾ വാങ്ങൽ-സ്പിൽ ഓവർ (ഫയൽ നമ്പർ: PC1-464/18) | 2200114/12.04.20 തുക:₹127234/- | ആർക്കോ ലിമിറ്റഡ്, കോഴിക്കോട് | പ്ലാസ്റ്റിക് ബോക്സ് | 10 |
| | | | | HWസ്റ്റൂൾ 45X45X45 CM | 10 |
| | | | | സ്റ്റിൽ ക്യാബിനറ്റ് | 2 |
| | | | | സ്റ്റീൽ ടേബിൾ വിത്ത സൈഡ് സപ്പോർട്ട് | 3 |
| | | 22001236/ 09.11.20 തുക: ₹52213/- | യോങ്ങ് എന്റർപ്രൈസസ്, മലപ്പുറം | സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ | 1 |
| | | | ആഷലിൻ ചെമ്മണ്ണൂർ ഇൻസ്ട്രുമെന്റ്സ്, തൃശ്ശൂർ | ക്യാസ് മെയ്ക്ക് DZ സീരീസ് 300Kg | 1 |

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ ചെലവുതുകയായ ₹4,39,325/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.67/31.01.2022)

## 1-55 എസ്.എൽ.ബി. പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ എസ്.എൽ.ബി. പദ്ധതിയുടെ താഴെപറയുന്ന പ്രോജക്റ്റുകളു വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | വൗച്ചർ നമ്പർ | തിയതി | തുക (₹) |
|---|---|---|---|---|
| 1 | 19/21 കന്നുകുട്ടി പരിപാലനം ജനറൽ വനിത | 22001268 | 21.12.2020 | 6,00,000 |

40/29.01.2022 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പദ്ധതി പൂർത്തീകരിക്കുന്ന മുറയ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാമെന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുള്ളതാണ്. പദ്ധ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-56 ലൈഫ് ഭവന പദ്ധതി പണി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം

ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നിർവ്വഹണോദ്യോഗസ്ഥനായ "ലൈഫ് ഭവന പദ്ധതി -പ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം" എന്ന പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ താ പറയുന്ന ഗുണഭോക്താക്കൾക്ക് വിവിധ ഘട്ടങ്ങളായി തുക അനുവദിച്ചിട്ടും ഭവന നിർമ്മാ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരുവിവരം | അനുവദിച്ച തുക | തുക അനുദിച്ച തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | ലക്ഷ്മിക്കുട്ടി കരുപറമ്പിൽ, | 1,86,000 | 26.03.2019 | രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതി |

| | | | | |
|---|---|---|---|---|
| | പരുത്തിപ്ര | | | പ്രകാരം ഗുണഭോക്താവിന് ₹10,000/- അനുവദിച്ചിരുന്നതും, ബാക്കി നല്കാനുള്ള ആനുപാതികമായ തുക ₹3,72,000/- യിൽ ₹2,86,000/- അനുവദിച്ചിട്ടും പണി പൂർത്തീകരിച്ചിട്ടില്ല |
| | | 1,00,000 | 13.11.2019 | |
| 2 | ആലീസ്.കെ.ടി. ചെറുവത്തൂർ ഹൗസ്, എങ്കക്കാട് | 1,86,000 | 04.03.2019 | രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതി പ്രകാരം ഗുണഭോക്താവിന് ₹10,000/- അനുവദിച്ചിരുന്നതും, ബാക്കി നല്കാനുള്ള ആനുപാതികമായ തുക ₹3,72,000/- യിൽ ₹2,36,000/- അനുവദിച്ചിട്ടും പണി പൂർത്തീകരിച്ചിട്ടില്ല |
| | | 50,000 | 13.11.2019 | |

ആയതിൽ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകചയ നം.42/29-01-2022ന് മറുപടി നല്കിയിട്ടില്ലാത്തതാണ്. പണി പൂർത്തീകരിക്കുന്നതിന് നടപടിക സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ധനസഹായ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.42/29-01-2022)

## 1-57 കക്കൂസ് റിപ്പയർ -മാർഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി - സർക്കാരിന്റെ മുൻകൂർ അനുമതി തേടിയില്ല

ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ പ്രോജക്ട് നമ : 39/20 കക്കൂസ് റിപ്പയർ (എസ്.സി) പ്രകാരം₹48,000/-യും, പ്രോജക്ട് നമ്പർ : 358/20 കക്കൂസ് റിപ്പയർ (എസ്.സി സ്പിൽ ഓവർ പ്രകാരം ₹16,000/-യും, 2020-21 വർഷത്തിലെ പ്രോജക്ട് നമ്പർ : 328/21 കക്കൂസ് റിപ്പയർ (എസ്.സ സ്പിൽ ഓവർ പ്രകാരം ₹ 72,000/-യും, പ്രോജക്ട് നമ്പർ : 329/21 കക്കൂസ് റിപ്പയർ (ജനറൽ) – സ്പിൽ ഓവർ പ്രകാ ₹16,000/-യും, ചെലവഴിച്ചിട്ടുണ്ട്.

ചെലവ് വിവരങ്ങൾ

**2019-20**

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | പ്രോജക്ട് നമ്പർ |
|---|---|---|---|
| 1 | 21901332/28.02.20 | 8,000 | 39/20 കക്കൂസ് റിപ്പയർ (എസ്.സി) |
| 2 | 21901338/13.03.20 | 8,000 | - Do - |
| 3 | 21901465/30.03.20 | 32,000 | - Do - |
| 4 | 21901336/04.03.20 | 16,000 | 358/20 കക്കൂസ് റിപ്പയർ (എസ്.സി) സ്പിൽ ഓവർ |
| ആകെ | | 64,000 | |

**2020-21**

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | പ്രോജക്ട് നമ്പർ |
|---|---|---|---|
| 1 | 22001318/28.12.20 | 24,000 | 328/21 കക്കൂസ് റിപ്പയർ (എസ്.സി) സ്പിൽ ഓവർ |
| 2 | 22001239/11.11.20 | 40,000 | - Do - |
| 3 | 22001792/20.03.21 | 8,000 | - Do - |

| | | | |
|---|---|---|---|
| 4 | 22001304/16.01.21 | 16,000 | 329/21 കക്കൂസ് റിപ്പയർ (ജനറൽ) സ്പിൽ ഓവർ |
| ആകെ | | 88,000 | |

ഇതിനുപുറമേ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിലെ പ്രോജക്ട് നമ്പർ : 34( കക്കൂസ് റിപ്പയർ (എസ്.സി) – സ്പിൽ ഓവർ പദ്ധതിയ്ക്കായി ₹16,000/- വൗച്ചർ നം. 21900342/17.04.2 ചെലവഴിച്ചിട്ടുള്ളതാണ്.

മേൽ പ്രോജക്റ്റുകൾ അനുസരിച്ച് ഗുണഭോക്താക്കൾക്ക് 8,000 രൂപ നിരക്കിൽ പട്ടികപ്പെടുത്തിയ പ്രകാ ശുചിത്വ കക്കൂസ് അറ്റകുറ്റപണിയ്ക്ക് ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗരേഖ പ്രകാ ഈ ഇനത്തിന് സബ്സിഡി അനുവദിച്ചിട്ടില്ലാത്തതാകുന്നു. മാർഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾ സബ്സിഡി നൽകണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. 23/2/2019 ലെ ഡി1/72 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം സബ്സിഡി, പദ്ധതി മാർഗരേഖയിൽ കക്കൂസ് അറ്റകുറ്റപ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും കേരളത്തിലെ കൊച്ചി കോർപ്പറേഷൻ ഒഴികെ എ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒ.ഡി.എഫ് ആയി പ്രഖ്യാപിക്കപ്പെട്ടതിനാലും കക്കൂസ് നിർമ്മാണത്ത സബ്സിഡി അനുവദിക്കണമെങ്കിൽ ആയതിന്റെ ആവശ്യകത സംബന്ധിച്ച് വിശദമായ റിപ്പോർ ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ റിപ്പോർട്ടും സഹിതം കോർഡിനേഷൻ കമ്മിറ്റിക്ക് അപേ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ വ്യക്തമാക്കിയ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്ക ആയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.31/29.01.22 മുഖേ ആവശ്യപ്പെട്ടെങ്കിലും ആയതിന്റെ മറുപടി ലഭിച്ചിട്ടില്ല. ഈ കാര്യത്തിൽ സ്വീകരിച്ച തുടർനടപ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി.31/29.01.22 )

## 1-58 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരി സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാ നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 22000570 | 25.08.20 | ദേശാഭിമാനി | 8925 |
| 2 | 22000823 | 07.10.20 | ദേശാഭിമാനി | 5355 |
| 3 | 22000824 | 07.10.20 | ദേശാഭിമാനി | 33012 |
| 4 | 22000825 | 07.10.20 | ജനയുഗം | 13050 |
| 5 | 22001710 | 26.03.21 | ദേശാഭിമാനി | 7140 |
| 6 | 22001713 | 26.03.21 | ദേശാഭിമാനി | 3213 |
| ആകെ | | | | 70695/- |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികളൊന്ന സ്വീകരിച്ചതായി കാണുന്നില്ല പത്രം ആവശ്യപ്പെട്ട പ്രകാരമുള്ള തുക അനുവദിച്ചു നല്കുകയാ ചെയ്തിട്ടുള്ളത്. അതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 53/31.01.2022 ന് മറുപടി ലഭ്യമാക്കിയിട്ട് വരും വർഷങ്ങളിലെ ബിൽ തുകകളിൽ ഡിസ്കൗണ്ട് തുക ക്രമീകരിക്കുന്നതിനുള്ള നടപടിക സ്വീകരിക്കേണ്ടതാണ്.

## 1-59 പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

നഗരസഭയുടെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേ ലഭ്യമാക്കുന്നതിനുമായി 2020-21 വർഷത്തിൽ അഡ്വ.താജുദ്ദീൻ.പി.പി.എന്നവർക്ക് താഴെ പറയും പ്രകാ ഫീസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 22000632 | 04.08.20 | 15000 |
| 2 | 22000722 | 22.09.20 | 12500 |
| 3 | 22000723 | 22.09.20 | 3000 |
| 4 | 22000724 | 22.09.20 | 12500 |
| 5 | 22001656 | 22.03.21 | 77500 |

| | |
|---|---|
| ആകെ | 1,20,500 |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,0 രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ മേ പട്ടിക പ്രകാരം നല്കിയ തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഉത്തരവാദിത്ത ആദായനികുതി ഈടാക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കി എൻക്വയറിനം.54/31.01.2022ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റി വിവരം അറിയിക്കേണ്ടതാണ്.

## 1-60 പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയിൽ ആദ്യ ഗഡു കൈപ്പറ്റിയിട്ട് ദീർഘകാലമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയിൽ ആദ്യ ഗ കൈപ്പറ്റിയിട്ടും നാളിതുവരെ തുടർപ്രവർത്തനങ്ങൾ നടത്തി രണ്ടാം ഗഡു കൈപ്പറ്റുന്നതിന് അപേ സമർപ്പിക്കാത്ത 1,2,3 ഡി.പി.ആർ.കളിലെ ഗുണഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

**വടക്കാഞ്ചേരി മേഖല**

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ. നം | ഡിവിഷൻ നം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | കദീജ പി.എ. പുത്തൻപീടികയിൽ | I | 8 | 28.12.17 |
| 2 | ദീപ രതീഷ്, കുന്നേൽ വീട് | I | 8 | 24.05.18 |
| 3 | ദേവകി, പാലക്കൽ വീട് | I | 14 | 12.12.17 |
| 4 | സുശീല, അമ്പഴപ്പിള്ളി വീട് | I | 15 | 24.05.18 |

| | | | | |
|---|---|---|---|---|
| 5 | നസീറ യൂസഫ്, മൂച്ചിക്കൽ | I | 15 | 24.05.18 |
| 6 | രാധ ചീരാത്തുവളപ്പിൽ | I | 17 | 04.09.18 |
| 7 | സുശീല, മാടച്ചിപ്പാറ വീട് | I | 24 | 04.09.18 |
| 8 | സൽമ അരങ്ങത്തുപറമ്പിൽ | II | 13 | 04.09.18 |
| 9 | അമ്മണി തോപ്പിൽ വീട് | II | 14 | 07.12.18 |
| 10 | രാധ മേച്ചരിപറമ്പീൽ | I | 7 | 12.02.17 |
| 11 | ലീല.വി.കെ. വെട്ടത്ത് വീട് | II | 17 | 20.11.19 |
| 12 | ബാബു ലക്ഷ്മി വിലാസം | II | 23 | 13.06.18 |
| 13 | അയ്യപ്പൻ കാഞ്ഞങ്ങാട്ട്പടി | III | 4 | 14.08.18 |
| 14 | സന്തോഷ്.എം.ആർ. മടത്തിപറമ്പിൽ | I | 13 | 20.11.19 |
| 15 | ബിന്ദു രാമൻ | II | 14 | 17.12.18 |

## മുണ്ടത്തിക്കോട് മേഖല

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ. നം | ഡിവിഷൻനം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | സൗദാമിനി.എം.എസ്., കരുവാൻ വീട് | II | 3 | 14.08.18 |

| | | | | |
|---|---|---|---|---|
| 2 | ലത.കെ.കെ. കൊച്ചംപറമ്പിൽ | Ii | 38 | 01.11.18 |
| 3 | ഗീത.എം.പി. കളങ്ങാട്ടുപറമ്പിൽ | III | 36 | 01.11.19 |
| 4 | അമ്മിണി ചോല വീട് | III | 38 | 23.08.18 |
| 5 | പൊന്നു ദാസൻ | III | 38 | 23.08.18 |
| 6 | മണി കുട്ടൻ, കുംഭാര കോളനി | III | 38 | 23.08.18 |
| 7 | മാളു കുട്ടൻ, കുംഭാര കോളനി | III | 38 | 23.08.18 |
| 8 | കമലാക്ഷി.വി.യു. കംഭാര കോളനി | III | 38 | 23.08.18 |
| 9 | പൊന്നു നല്ലവീരൻ, കംഭാര കോളനി | III | 38 | 23.08.18 |
| 10 | കമലാക്ഷി, കുംഭാര കോളനി | III | 38 | 23.08.18 |
| 11 | അമ്മിണി കുംഭാര കോളനി | III | 38 | 05.10.18 |
| 12 | നല്ലവീരൻ തെക്കേപുരയ്ക്കൽ | III | 38 | 19.01.19 |
| 13 | രാജൻ. വി.സി. കുംഭാര കോളനി | III | 38 | 19.01.19 |

വീട് പണി പൂർത്തീകരിക്കാത്തതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. വീട് പ‍ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ധന സഹായമാ അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.38/29.01.2022)

## 1-61 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകര സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | 1/21 ഐ.കെ.എം. വിഹിതം | ഇൻഫർമേഷൻ കേരള മിഷൻ | 22000686/09.06.20 | 1,76,748 |
| 2 | 3/21 വയോമിത്രം | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 22000787/24.09.20 | 10,00,000 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. (ഓഡ എൻകചയറി നം.45/29.01.2022)

## 1-62 വാഹനങ്ങളുടെ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതക

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ട പ്രകാരം വാഹനങ്ങളുടെ ലോഗ് ബുക്ക്, ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ് ഇന്ധനത്തിന്റെയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്ന സൂക്ഷിക്കേണ്ടതാണ്. ഓരോ അർധവർഷത്തിന്റേയും ആരംഭത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി മുൻ അർധവർഷത്തെ ചെലവിന്റേയും വരവിന്റേയും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ചട്ടം 8 പ്രകാ ഓരോ വാഹനത്തിന്റേയും ഇന്ധനക്ഷമതാ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹ വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻ ഒരു സർട്ടിഫിക ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ തേ

വർധിച്ചിട്ടുണ്ടെങ്കിൽ വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ട ആയത് പരിഹരിക്കുവാൻ നിർദ്ദേശിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അപ്രകാ പ്രവർത്തിക്കേണ്ടതുമാണ്. ചട്ടം 9 പ്രകാരം വാഹനത്തിൽ കസ്റ്റോഡിയൻ ഓഫീസറുടേ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാ ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗസ്ഥ ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായും നിറച്ചതിനുശേഷം വാഹ ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത് ഒ കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാ കാണുന്ന പക്ഷം വാഹനത്തിന്റെ കേടുപാട് തീർക്കേണ്ടതുമാണ്. ഇന്ധനത്തിന്റെ ഉപഭോ തുടർച്ചയായി വർധിക്കുന്ന പക്ഷം ഉപയോഗത്തോത് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-48 N 8145, KL 48 3027, KL 48 1691 എന്നീ വാഹനങ്ങളുടെ ലേ പരിശോധിച്ചതിൽ മേൽപറഞ്ഞ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല എന്ന് കാണുന്നു. ലോഗ് ബു മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ അതിൽ ഇന്ധന ഉപയോഗം സംബന്ധിച്ച വിവരങ്ങ ഇന്ധനം നിറച്ചതിന്റെ വിവരങ്ങളോ റിപ്പയർ സംബന്ധിച്ച വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ലേ ബുക്കിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ചട്ടപ്രകാരം സൂക്ഷിക്കേണ്ട രേഖ സൂക്ഷിക്കാതിരുന്നതിനും ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതിനും മറു ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 80/02.02.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറു ലഭ്യമാക്കിയില്ല. നഗരസഭയുടെ എല്ലാ വാഹനങ്ങളുടേയും ലോഗ് ബുക്ക് ചട്ടപ്രകാരം എഴു സൂക്ഷിക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-63 പെയിൻ & പാലിയേറ്റീവ് പദ്ധതി -മരുന്നുകൾ നാളിതുവരെ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,പി.എച്ച്.സി മുണ്ടത്തിക്കോട്

പ്രോജക്ട് - പെയിൻ &പലിയേറ്റീവ് പദ്ധതി വിഹിതം,52/21

ഈ പദ്ധതിയ്ക്കു മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 2,82,3 രൂപനൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./ തീയ്യതി | തുക | പ്രഫോർമ ഇൻവോയിസ് നമ്പർ/തീ. | തുക |
|---|---|---|---|
| 22001795/ 26.3.2021 | 1,84,633 | PRF4831/27.01.21 | 90682 |
| | | PRF4823/26.01.21 | 93951 |
| 22001794/ 26.3.21 | 97688 | PRF4426/16.01.21 | 97688 |

മേൽ പ്രകാരം തുക നൽകിയതിൽ 1,36,501/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 1,45,820/- രൂപയു മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്.ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടിക സ്വീകിരക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ

(ഓഡിറ്റ് എൻക്വയറി:33/28.01.2022)

## 1-64 തനത് ഫണ്ട് - ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

താഴെ പറയുംപ്രകാരമുള്ള ചെലവുകളുടെ ആധികാരിത പരിശോധിക്കുന്നതിന് ആവശ്യമായ രേഖക ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 73/01.02.2022 പ്രകാരം ആവശ്യപ്പെട്ടുവെങ്കില രേഖകൾ ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | വൌച്ചർ നമ്പർ/തീയതി | തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | G1-12511/20 | 22001035/28.11.20 | 100000 | അർബൻ ചെയർ കൌൺസിൽ കിലക്ക് നൽകിയത്. കിലയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| 2 | PW1-14812/18 | 22001179/6.1.21 | 200000 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ബിൽഡിങ്ങ് സ്ട്രക്ച്ചർ ഡിസൈനിങ്ങിന് നൽകിയത്. ഫയൽ, ബിൽ, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയില്ല. |
| 3 | PH1-16678/18 | 22001335/27.1.21 | 100000 | സർവ്വശുദ്ധി ഡിപിആർ വയബിലിറ്റ് ഗാപ് ഫണ്ട്.ഫയൽ, ചെലവിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയില്ല. |
| 4 | G5/G2/10559/17 | 22001434/23.2.21 | 1049858 | ആശ്രയ ഫണ്ട് സിഡിഎസ്1, സിഡിഎസ്2 എന്നിവയ്ക്ക് കൈമാറിയത്. സി.ഡി.എസിന്റെ കൈപ്പറ്റ് രസീത്/ ബാങ്ക് പാസ് ബുക്ക് ഹാജരാക്കിയില്ല. |

| | | | | |
|---|---|---|---|---|
| | ആകെ | | 1449858 | |

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-65 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

വാർഷിക കണക്ക് ബാലൻഷീറ്റ് ഷെഡ്യൂൾ B18 -Festival Advance To Employees എന്ന ശീർഷക പ്രകാരം 2019 വർഷത്തിൽ 27000/- രൂപ യും,2020-21 വർഷത്തിൽ 33000/- രൂപയും Festival Advance നൽകിയ ക്രമീകരിക്കുവാൻ ശേഷിക്കുന്നുണ്ട്. മുൻകൂർ രജിസ്റ്ററിൽ മുൻകൂർ നൽകിയത് സംബന്ധ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ടി തുക ഏതൊക്കെ ജീവനക്കാരിൽ നിന്നും ഈടാക്കാനുള്ളത് എന സംബന്ധിച്ച് വ്യക്തത ഇല്ല. ഇത് സംബന്ധിച്ച ലഡ്ജർ പരിശോധിച്ചതിൽ നിന്നും ടി വിവരം ലഭ്യമ ഏതൊക്കെ ജീവനക്കാരിൽ നിന്നും എന്നുമുതലുള്ള മുൻകൂർ ക്രമീകരിക്കുവാൻ ശേഷിക്കുന്നുണ്ട് എന സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന (എൻക്വയ നം.55/31.01.22)ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

Festival Advance സാമ്പത്തിക വർഷം മാർച്ച് മാസത്തിന് മുൻപ് ക്രമീകരിക്കേണ്ടതാണ്. മുൻകൂർത തിരികെ ഈടാക്കി കഴിയുന്നതിന് മുൻപ് ജീവനക്കാർ സ്ഥലംമാറ്റം ലഭിക്കുകയാണെങ്കിൽ ബന്ധ നഗരസഭയിൽ നിന്ന് തുക ലഭിക്കുന്നതിനും, കാലതാമസം വരുത്തുകയാണെങ്കിൽ പലിശസഹി ഈടാക്കുന്നതിനും, ഇപ്രകാരം നടപടികൾ സ്വീകരിക്കുവാൻ കാലതാമസം വരുത്തുന്നപക്ഷം ബന്ധ ഉദ്യോഗസ്ഥരിൽ നിന്നോ വീഴ്ചവരുത്തുന്ന നഗരസഭ സ്ഥാപനത്തിൽ നിന്നോ പലിശ സഹിതം ത ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-66 എഞ്ചിനീയറിങ്ങ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

14.03.2018-ലെ സർക്കാർ ഉത്തരവ് നം. 690/18/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകള് എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാ ഇതേ ഉത്തരവിൽ തന്നെ എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്ക് നിലവിലു നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനം വാങ്ങാവുന്നതാണ് എന്നും പറയുന്നു. ഈ ഉത്തരവ് പ്രകാ എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാൻ അനുമതിയുള്ളത് ഗ്രാമപഞ്ചായത്തുകള് മാത്രമാണ്. നഗരസഭകൾക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിനാണ് അനുമതിയുള്ളത്. മേ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി നഗരസഭയിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്

ആവശ്യത്തിലേക്കായി കവട്ടേഷൻ പ്രകാരം സിബി ജോൺ എന്നയാളുടെ KL-48 H 7188 എന്ന വാഹ വാടകയ്ക്ക് എടുക്കുകയും ഇതിനായി 2019-20 വർഷത്തിൽ 76,668 രൂപയും 2020-21 വർഷത്തിൽ 5,67, രൂപയും 2021-22 വർഷത്തിൽ 44,475 രൂപയും അടക്കം ആകെ 6,88,909 രൂപ ചെലവഴിക്കുകയും ചെയ്തിട്ടു ഇതു സംബന്ധിച്ച ഫയൽ PW1-14005/18 പരിശോധിച്ചതിൽ കാണപ്പെട്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്

1. ജി.ഒ.(പി)നമ്പർ 45/2018/Tran. തീയതി 11.12.2018 പ്രകാരം പുതുക്കിയ ടാക്സി നിരക്ക് (1500 സി.സിയ് കുറഞ്ഞത്) കിലോമീറ്ററിന് 15 രൂപയാണ്. നഗരസഭ വാടകയ്ക്ക് എടുത്ത വാഹനത്തിന് ഒരു മാസം 1 കി.മീറ്റർ വരെ 19 രൂപ/കി.മീ. പ്രകാരവും 1500 കഴിഞ്ഞ് വരുന്ന ദൂരത്തിന് 32 രൂപ/കി.മീ. നിരക്കുമാ അനുവദിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലുള്ള കവട്ടേഷ അംഗീകരിച്ചതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകി ഓഡിറ്റ് അന്വേഷണം നമ്പർ 31/28.01.2022 ന് നൽകിയ മറുപടിയിൽ എഞ്ചിനീയർമാരുടെ ആവശ്യത്തിനാ ഗ്രാമപഞ്ചായത്തുകൾക്ക് വാഹനം വാടകയ്ക്ക് എടുക്കാമെന്ന ഉത്തരവ് നഗരസഭയ്ക്ക് ബാധകമാ എന്നും 19 രൂപ എന്ന നിരക്ക് കൌൺസിൽ തീരുമാനപ്രകാരമാണെന്നും ടി നിരക്ക് നഗരസഭയ്ക്ക് ന വരുത്തുന്നതല്ല എന്നുമുള്ള മറുപടിയാണ് നൽകിയത്. ഒരു കി.മീറ്ററിന് 32 രൂപ നൽകിയതിനെ സംബന്ധ മറുപടിയൊന്നും പറഞ്ഞിട്ടില്ല എന്നതും ശ്രദ്ധേയമാണ്. സർക്കാർ ഉത്തരവു പ്രകാരമുള്ള കി.മീറ്ററിന് രൂപയിൽ വെയിറ്റിങ്ങ് ചാർജ്ജ് ഉൾപ്പെടുന്നില്ല എന്ന് ടിയാൻ മറുപടി നൽകിയിട്ടുണ്ട്. അ അംഗീകരിച്ചുകൊണ്ട് കി.മീറ്ററിന് 19 രൂപ നൽകിയത് ഓഡിറ്റ് നിരാകരിക്കുന്നില്ല എങ്കിലും അത് കൂടുതൽ നൽകിയ തുക കി.മീറ്ററിന് 13 രൂപ പ്രകാരം (32-19) 1500 കി.മീറ്ററിന് മുകളിൽ ഓടിയ ദൂരത്ത ചെലവഴിച്ച തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | യാത്ര നടത്തിയ മാസം | വൌച്ചർ നമ്പർ/ തീയതി | നൽകിയ തുക | ആകെ ഓടിയ ദൂരം | 32 രൂപ നിരക്കിൽ ഓടിയ ദൂരം | അധികം നൽകി തുക @13 (32-19) |
|---|---|---|---|---|---|---|
| 1 | 01/2020 | 21901244/26.2.2020 | 34638 | 1684 | 184 | 2392 |
| 2 | 02/2020 | 21901374/31.3.2020 | 42030 | 1915 | 415 | 5395 |
| | 2019-20 വർഷത്തിൽ ആകെ | | 76668 | | | 7787 |
| 3 | 03/2020 | 22000053/28.4.2020 | 69646 | 2778 | 1278 | 16614 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 04/2020 | 22000275/10.06.2020 | 142030 | 5040 | 3540 | 46020 |
| 5 | 05/2020 | 22000479/30.7.2020 | 49902 | 2161 | 661 | 8593 |
| 6 | 06/2020 | 22000573/25.8.2020 | 65934 | 2662 | 1162 | 15106 |
| 7 | 07/2020 | 22000667/16.9.2020 | 56462 | 2366 | 866 | 11258 |
| 8 | 08/2020 | 22000864/16.10.2020 | 43726 | 1968 | 468 | 6084 |
| 9 | 09/2020 | 22001063/4.12.2020 | 35438 | 1709 | 209 | 2717 |
| 10 | 10/2020 | 22001146/1.1.2021 | 43982 | 1976 | 476 | 6188 |
| 11 | 11/2020 | 22001358/3.2.2021 | 39214 | 1827 | 327 | 4251 |
| 12 | 12/2020 | 22001431/20.2.2021 | 21432 | 1128 | -- | |
| | 2020-21 വർഷം ആകെ | | 567766 | | | 116831 |
| 13 | 02/2021 (കരാർ പുതുക്കിയതു പ്രകാരം 1500 കി.മീ.കഴിഞ്ഞാൽ കി.മീറ്ററിന് 25 രൂപ) | (2021-22 വർഷത്തിലാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്) | 44475 | 2129 | 629 | 3774 |
| | ആകെ (2019-20, 2020-21, 2021-22 വർഷങ്ങളിൽ) | | | | | 128392 |

2. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ വാഹനം എഞ്ചിനീയറിങ്ങ് വിഭാഗത്തിനു പുറമേ വിഭാഗങ്ങളും ഉപയോഗിച്ചതായി കാണുന്നു. ഉദാഹരണമായി 2 മാസത്തെ വിവരം താഴെ ചേർക്കുന്നു.

| മാസം | വിഭാഗം | ദൂരം (കി.മീ) |
|---|---|---|
| 10/2020 | എഞ്ചിനീയറിങ്ങ് | 573 |
| | വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻമാർ | 1332 |

| | | |
|---|---|---|
| | റവന്യൂ വിഭാഗം | 20 |
| | ഓഫീസ് അറ്റൻഡർ | 51 |
| | ആകെ | 1976 |
| 11/2020 | എഞ്ചിനീയറിങ്ങ് | 1148 |
| | വൈസ് ചെയർമാൻ | 277 |
| | ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി | 62 |
| | ചെയർപേഴ്സൺ | 56 |
| | ഓഫീസ് അറ്റൻഡന്റ് | 135 |
| | JPHN | 56 |
| | JHI | 46 |
| | ക്ലർക്ക് | 47 |
| | ആകെ | 1827 |

3. 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,0 രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാ ടിയാനിൽ വരുമാന നികുതി ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാമെന്ന സർക്കാർ ഉത്ത ദുർവ്യാഖ്യാനം ചെയ്ത് നഗരസഭയായ വടക്കാഞ്ചേരി നഗരസഭ വാഹനം വാടകയ്ക്ക് എടുത്ത് 202 വർഷത്തിൽ ചെലവഴിച്ച ആകെ തുകയിൽ ഓഡിറ്റ് അംഗീകരിക്കാത്ത 1,16,831 രൂപ കഴിച്ച് ബാക്കി 4,50, രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിരാകരിച്ച 1,16,831 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന ഈടാക്കി നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-67 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടില്ല.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 563എ(1) വകുപ്പ് പ്രകാരം ഓരോ മുൻസിപ്പാലിറ്റിയും പൌരൻമാർ ലഭ്യമാക്കുന്ന വിവിധ തരം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കു സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തി 563എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുക

കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2000 ലെ കേരള മുൻസിപ്പാലിറ്റി (പൗരാവകാശ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, മുൻസിപ്പാലിറ്റി ചർച്ച ചെയ്ത് വേണം പൗരാവകാശ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2020-21 വർഷത്തിൽ ഇപ്രകാരം പൗരാവകാശ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ വിവരം (കൗൺസിൽ തീരുമാനം സഹിത ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.5/19.01 മറുപടി ലഭിച്ചില്ല.

നിയമവ്യവസ്ഥ പ്രകാരം പൌരാവകാശരേഖ പ്രസിദ്ധപ്പെടുത്തുന്നതിനും, പുതുക്കുന്നതിനും നഗര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-68 മുൻസിപ്പാലിറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതി തുടർനടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 63 ാം വകുപ്പ് പ്രകാരം, ഓരോ മുൻസിപ്പാലിറ്റിയും ഓരോ വർഷ സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം, അതിന്റെ ഭരണ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർ സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും, പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോ പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം മുൻസിപ്പാലിറ്റിക്ക് നൽകാനുള്ള ഗ്രാന്റുകൾ സർക്കാര തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2020-21വർഷത്തിൽ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി അതിന് ഭരണത്തെ സംബന്ധിച്ച് മുൻസിപ്പാലിറ്റി ആക്ട് 63 ാം വകുപ്പ് പ്രകാരം ഒരു വാർഷിക ഭരണ റിപ്പോ ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്ക ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം.4/19.01.22) ലഭ്യമാക്കിയ മറു പ്രകാരം, 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 295(15) വകുപ്പിൽ അനുശാസിക്കുന്ന പ്രകാരം കേ സംസ്ഥാന ഓഡിറ്റ് വകുപ്പ് സാക്ഷ്യപ്പെടുത്തിയ നഗരസഭയുടെ 2020-21സാമ്പത്തിക വർഷത്തെ വാർഷ ഭരണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുകയുണ്ടായി.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 63 ാം വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തേണ്ട വാർഷ ഭരണറിപ്പോർട്ട് പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ പ്രകാരമാണ് തയ്യാറാക്കാൻ നിയ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 295(15) വകുപ്പിൽ അനുശാസിക്ക "വാർഷിക റിപ്പോർട്ട്" പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സമയപരിധിയും, 1994 ലെ കേരള മുൻസിപ്പാല ആക്ട് 63 ാം വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തേണ്ട "വാർഷിക ഭരണ റിപ്പോ

പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സമയപരിധിയും, വ്യത്യസ്തമായതിനാൽ തന്നെ രണ്ട് റിപ്പോർട്ടുകളും ഒന്ന് എന്ന് വ്യക്തമാണ്. മുൻസിപ്പാലിറ്റി ആക്ട് 63 ാം വകുപ്പ് പ്രകാരം ആവശ്യമായ ഫോറങ്ങൾ സർക്ക നിർദ്ദേശിച്ചു നൽകിയിട്ടില്ലെങ്കിൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കുന്നതിന 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 63 ാം വകുപ്പ് പ്രകാരമുള്ള നിയമവ്യവസ്ഥ പാലിക്കുന്നതിന തുടർനടപടി നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 1-69 മുൻസിപ്പാലിറ്റി ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 565 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ ആവശ്യങ്ങ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റുന്നതിന് വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാ നൽകിയിട്ടുണ്ട്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള മുൻസിപ്പാലിറ്റ ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്ത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) മുൻസിപ്പാലിറ്റിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതാ സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ് (ഓഡിറ്റ് എൻക്വയറി നം.6/19.01.22).

എന്നാൽ ദുരിതാശ്വാസ നിധിയുടെ 2020-21ലെ കണക്കുകൾ 2003 ലെ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടതാ കൗൺസിൽ മിനുട്ട്സ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7 പ്രകാ വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ലഭ്യമായിട്ടില്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ നഗരസഭയിലെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതും, അതിന് വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥക പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-70 മാലിന്യനിർമ്മാർജ്ജനം - സ്റ്റേറ്റ് പോളിസി അനുസരിച്ച് നഗരസഭ തുടർനടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭയിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിൽ താ ചേർക്കുന്ന കാര്യങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡ

എൻക്വയറി (ഓഡിറ്റ് എൻകന്വയറി നം.8/20.01.22) നൽകുകയുണ്ടായി.

1) 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 334 സി വകുപ്പ് മുൻസിപ്പൽ പ്രദേശത്തുണ്ടാകു മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി "മാലിന്യനിർമ്മാർജ്ജന ഫണ്ട് " എന്ന പേരിൽ ഒ പ്രത്യേക നിധി സ്വരൂപിക്കാൻ അതത് മുൻസിപ്പാലിറ്റികൾക്ക് അധികാരം നൽകുന്നുണ്ട്. നഗര ഇപ്രകാരം ഒരു പ്രത്യേക നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

2) സംസ്ഥാനസർക്കാർ 13.09.18 ജി.ഒ(പി) നം.65/18/ത.സ്വ.ഭ.വ പ്രകാരം Solid Waste Management Rules 2016 ( അടിസ്ഥാനമാക്കി സ്റ്റേറ്റ് പോളിസി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് Local Government Author തലത്തിൽ ചെയ്യേണ്ട 35 കാര്യങ്ങളിൽ വടക്കാഞ്ചേരി നഗരസഭാ തലത്തിൽ നടപ്പായ കാര്യങ്ങ വ്യക്തമാക്കി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

3) സംസ്ഥാനസർക്കാർ പോളിസിയിൽ വ്യക്തമാക്കിയപ്രകാരം, ഓരോ നഗരസഭയും അതിന്റെ അധിക പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ Solid Waste, Liquid Waste എന്നിവയുടെ മാനേജ്മെന്റുമായി ബന്ധ Bye-Laws തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. വടക്കാഞ്ചേരി നഗരസഭ ഇപ്രകാരം Bye-Laws തയ്യാറാ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുന്നതോടൊപ്പം പ്രസ്തുത Bye-L ന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കാനും ആവശ്യപ്പെട്ടു.

പ്രസ്തുത എൻകന്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് നഗരസഭ "മാലിന്യനിർമ്മാർജ്ജ ഫണ്ട് " എന്ന പേരിൽ ഒരു പ്രത്യേക നിധി രൂപീകരിച്ചിട്ടില്ല. Solid Waste Management Rules 2016 ( അടിസ്ഥാനമാക്കി പ്രഖ്യാപിച്ച സ്റ്റേറ്റ് പോളിസി പ്രകാരം ബൈലോ തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. Liquid Waste സംബന്ധിച്ച് വിശദമ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ബൈല തയ്യാറാക്കിയതായി അറിയിച്ചിട്ടില്ല.

അതിനാൽ 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 334 സി വകുപ്പ് പ്രകാരം "മാലിന്യനിർമ്മാർജ്ജന ഫണ എന്ന പേരിൽ ഒരു പ്രത്യേക നിധി രൂപീകരിക്കാനുള്ള സാധ്യത നഗരസഭക്ക് പരിശോധിക്കാവുന്നതാ Solid Waste Management Rules 2016 നെ അടിസ്ഥാനമാക്കി പ്രഖ്യാപിച്ച സ്റ്റേറ്റ് പോളിസി പ്രകാരം Local Governn Authorities തലത്തിൽ ചെയ്യേണ്ട 35 കാര്യങ്ങളിൽ ഒരുകാര്യം മാത്രമാണ് ബൈലോ തയ്യാറാക്കുക എന്നത്. കാര്യങ്ങൾ ബൈലോയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഈ മറു പരിഗണനാർഹമല്ല. അതിനാൽ Solid Waste Management Rules 2016 നെ അടിസ്ഥാനമാക്കി പ്രഖ്യാപിച്ച സ്റ്റേ പോളിസി പ്രകാരം Local Government Authorities തലത്തിൽ ചെയ്യേണ്ട 35 കാര്യങ്ങളിൽ നാളിതുവ

നഗരസഭാതലത്തിൽ നടപ്പാകാത്ത കാര്യങ്ങൾ പൂർത്തീകരിക്കാൻ നഗരസഭ തുടർനട സ്വീകരിക്കേണ്ടതാണ്.

## 1-71 ദാരിദ്ര്യ ലഘൂകരണ ഫണ്ട് - വിവരം ആവശ്യപ്പെടുന്നു

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 284 ാം വകുപ്പ് പ്രകാരം ഓരോ മുൻസിപ്പാലിറ്റിയും അതിന് വാർഷിക ബഡ്ജറ്റിൽ മുൻസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനാ മുൻസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും അത് അതതു സമയം സർക്കാർ നൽകു മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്. നഗരസഭാനിയമത്തിൽ "ഫണ്ട്" എന്ന നിർവ്വചിച്ചിട്ടില്ലാത്തതാണ്. എന്നാൽ 2007 ലെ കേരള മുൻസിപ്പാലിറ്റി(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ച 2(എസ്) അനുസരിച്ച് "ഫണ്ട്" എന്താണെന്ന് നിർവ്വചിച്ചിട്ടുണ്ട്. പ്രസ്തുത നിർവ്വചനം താഴെ ചേർക്കുന്നു.

“ Fund Means An Activity For Which Separate Books Of Accounts And Financial Statements Are Required To Be Prepared, As Per Or Of The Government”

നഗരസഭ 2020-21ൽ അതിന്റെ റവന്യുവരുമാനത്തിന്റെ രണ്ട് ശതമാനം ദാരിദ്ര്യ ലഘൂകരണ ഫണ്ട് എ പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി ഇപ്രകാരം വാർഷിക ബജറ്റിൽ ചേർ നൽകിയിരുന്നോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയ നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം.7/19.01.22) മറുപടി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് 21,25,250 ഈ ആവശ്യത്തിനായി വകയിരുത്തിയതായാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് Sepa Books Of Accounts സൂക്ഷിച്ചതായോ, പ്രത്യേകം Financial Statements തയ്യാറാക്കിയതായോ നഗര അറിയിച്ചിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ നഗരസഭ ദാരിദ്ര്യ ലഘൂകരണ പരിപാടിക നടപ്പാക്കുന്നതിനായി 2020-21ൽ അതിന്റെ റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം "ദാരിദ്ര്യ ലഘൂകര ഫണ്ട്" എന്ന പേരിൽ ഒരു "പ്രത്യേക ഫണ്ട്" രൂപീകരിക്കുന്നതിനായി ഉപയോഗപ്പെടുത്തിയോ എ ഉറപ്പാക്കുന്നതിന് സാധ്യമായില്ല. അതിനാൽ ചട്ടവ്യവസ്ഥ പ്രകാരം Separate Books Of Accounts ഉം Finar Statements ഉം തയ്യാറാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-72 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020

വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധ വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 25 തീ. 28.01.22 നൽകിയിരുന്നു. ആയതിന് നഗരസഭ എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി അപൂർണ്ണവും, അ മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങളെ പരിഗണിക്കുന്നതുമല്ല. സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുമില്ല.

1) നഗരസഭയിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോ തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) നഗരസഭ അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ നഗരസഭ അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്ക പരിപാലനം, കൈയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപന എപ്രകാരമുള്ളതായിരുന്നു.

നഗരസഭ ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടിക സ്വീകരിച്ചതായോ നഗരസഭയുടെ വിവിധ മിനുട്ട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞി അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് നഗരസഭ അതിന് ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള 6 സമീപനരേഖ നഗരസഭയിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) നഗരസഭയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 02.02.18 ലെ സ.ഉ(കൈ)നം.17 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(9) പ്രകാ ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ ത സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാ നഗരസഭയ്ക്ക് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 29.06.20 ലെ നഗരസഭാ തീരുമാനം 15 പ്രകാരം ജില്ലാ ടൌൺപ്ലാനർ മുഖേന തയ്യാറാക്കിയ ക വടക്കാഞ്ചേരി മാസ്റ്റർ പ്ലാൻ 2016ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ 36(1) വകുപ്പ് പ്രകാ

സ്വീകരിക്കുന്നതിനും 36(2) വകുപ്പ് പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരണ അനുമതിക്കാ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. തുടർ വിവരം ലഭ്യമല്ല.

(Iii) 29.06.20 ലെ നഗരസഭാ തീരുമാനം 19 പ്രകാരം അകമല തോട് അളന്ന് തിട്ടപ്പെടു അതിർത്തിക്കാലുകൾ സ്ഥാപിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിക്കുക സ്ഥലത്തെ കയ്യേറ്റം ഒഴിവാക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിരു തുടർ വിവരം ലഭ്യമല്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാനുവൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നഗര തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-73 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ

1997-ലെ കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങ ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴി മുൻസിപ്പാലിറ്റികളിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമ വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാ പുതുക്കിയ പിഡബ്ല്യുഡി മാനുവൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തി നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുത CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി (എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MC സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരു തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റി

തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദി ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കു പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന് 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

നഗരസഭയിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കൽ, പണികളു നടത്തിപ്പ് എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

**07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആ 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തര ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന് അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്ന ക്രമത്തിലല്ല.**

2) PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജ അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ല്യുഡിമാന്വൽ, മേൽസൂചിപ്പ സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറ് തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയ അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേ പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/22.01.22)

## 1-74 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങല ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴി മുൻസിപ്പാലിറ്റികളിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമ വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാ പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തി നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുത CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി (എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MC സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

നഗരസഭയിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്ത അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒ പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന് ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമ ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ — കരാറിൽ ചേർത്തിട്ടുള്ള പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമാ പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 201

സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥക പരിശോധിച്ചപ്പോൾ, മിക്കപ്രവൃത്തികളിലും ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥക ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാനുവൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയു വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം വാർഡ്സഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുക പ്രദർശിപ്പിക്കുകയോ ചെയ്തില്ല.

1997-ലെ കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങല ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം വാർഡ് കമ്മറ്റിയ് വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. പ്രവൃത്ത പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തു ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്ത പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റ് ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതാ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) പ്രവൃത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യുണീക്ക് നം പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല.

5) മിക്ക മരാമത്ത് പ്രവൃത്തികളുടേയും ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ പകർപ്പോ, ടെണ്ടർ നടപ സംബന്ധിച്ച കൗൺസിൽ തീരുമാനങ്ങളുടെ പകർപ്പോ സൂക്ഷിച്ചിട്ടില്ല.

6) മിക്ക മരാമത്ത് പ്രവൃത്തികളുടേയും എം.ബുക്കിൽ, അളവുകൾ രേഖപ്പെടുത്തിയ ശേഷം അളവുക സമ്മതിച്ചു എന്ന് കരാറുകാർ/അല്ലെങ്കിൽ അവരുടെ ഏജന്റ് സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിക്കാനും ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. മാനു വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ സ്വീകരിച്ച തുടർനടപടിയു പുരോഗതി ഈ റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/22.01.22)

## 1-75 ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കരാറുകാർക്ക് 12% ജി.എസ്.ടി വിഹിതം അനുവദിച്ച് നൽകിയത ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ബിൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ ത അനുവദിക്കുമ്പോൾ ഉത്ഭവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. എന്നാൽ കരാറുക ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ട് ഇൻവോയ്സിന്റെ അഭാവത്തിൽ ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറു ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 64/31.01 മറുപടിയായി ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർ അറിയിപ്പ് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ജി.എസ്.ടി നിയമത്തിലെ 31-ാം വക പ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ കരാറുകാർക്ക് തുക അനുവദിക്കുന്നതിലെ അപാകത ജി.എസ് വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | കരാറുകാരൻ | മൂല്യനിർണ്ണയം (12% GST ഉൾപ്പടെ) | വൗച്ചർ നം./ തീയതി | തുക |
|---|---|---|---|---|---|
| 186/21 | ആര്യംപാടം കോളനി 3rd സ്ട്രീറ്റ് കാനനിർമ്മാണം | ശ്രീ.വി.കെ.സുരേന്ദ്രൻ | 234621 | 22000133/12.04.20 | 234621 |
| 187/21 | ആര്യംപാടം കോളനി 2nd സ്ട്രീറ്റ് കാനനിർമ്മാണം | ശ്രീ. ഇ.വി. വിനീഷ് | 202180 | 22000131/12.04.20 | 202180 |
| 188/21 | ആര്യംപാടം കോളനി 1st സ്ട്രീറ്റ് കാനനിർമ്മാണം | ശ്രീ. ഇ.വി. വിനീഷ് | 216793 | 22000130/12.04.20 | 216793 |

## 1-76 GST Compensation ഇനത്തിൽ അനർഹമായി തുക അനുവദിച്ചു നൽകി

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റി നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾ നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ (ഖണ്ഡിക( നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന് GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bitumi Road Work ( Bitumen Contractor Supply ) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.0 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന് നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹ നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തം വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തി ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/672 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിര 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. 04.0 ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാ പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം പുതുക്കിയ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emuls Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാ സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation അർഹതയില്ലാത്തതാണ്. ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ 6 പ്രവൃത്തിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 391/21 |
| പ്രൊജക്ട് | ഇരട്ടക്കുളങ്ങര ആയുർവേദ റോഡ് |
| സാങ്കേതികാനുമതി | 90616/18-19 |
| എസ്റ്റിമേറ്റ് നംപർ | 2018/124069 |
| സാങ്കേതികാനുമതി തുക | 6,00,000 രൂപ |
| കരാറുകാരൻ | ശ്രീ. പി.സി.ദേവസ്സി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 138/2020-21 Dtd.05/11/20 |
| എം.ബുക്ക് | 85/19-20 |
| വൗച്ചർ നമ്പർ, തുക | 22001575/25.02.21 = 598380( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കും പ്രകാരമാണ്

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 598254.23 Limited To Agreed PAC 580432 |
| (+) 3% GST Compensation | 17947.63 |
| ആകെ | 598379.63 ~ 598380 |
| (-) ആദായനികുതി 0.75% | 4353 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 5804 |
| (-) CGST 1% | 5804 |
| (-) SGST 1% | 5804 |

| | |
|---|---|
| കരാറുകാരന് നൽകിയത് | 576615 |

മേൽ വിവരിച്ച പ്രവൃത്തി ഉൾപ്പെടെ 2020-21സാമ്പത്തികവർഷത്തിൽ ഇപ്രകാരം അനർഹമായി ( Compensation അനുവദിച്ച് നൽകിയ വിവിധ പ്രവൃത്തികൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നംപർ | പ്രോജക്ട് നമ്പർ, പ്രോജക്ട് | സാങ്കേതികാനുമതി നമ്പർ | പ്രവൃത്തിയുടെ മൂല്യം | GST Compensation | വൗച്ചർ നമ്പർ, തീയതി | തുക(രൂപയിൽ |
|---|---|---|---|---|---|---|
| 1 | 391/21 ഇരട്ടക്കുളങ്ങര ആയുർവേദ റോഡ് | 90616/18-19 | 598254.23 Limited To 580432 | 17948 | 22001575/25.02.21 | 598380 (MG R) |
| 2 | 155/21 ഷേണായ് കളരിക്കൽ റോഡ് ടാറിങ്ങ് | 68788/18-19 | 353092.52 | 10592 | 21900505/17.04.19<br>22000118/12.04.20 | 233386 (DF G)<br>130299 (DF G) |
| 3 | 426/21 നടുത്തറ സെന്റർ മുതൽ അംഗൻവാടി റോഡ് റീ ടാറിങ്ങ് | 115504/18-19 | 237784 | 7134 | 22001274/06.01.21 | 244918 (MG R) |
| 4 | 419/21 പെരിങ്ങണ്ടൂർ വായനശാല തിരുക്കുഴിച്ചിറ റോഡ് റീ ടാറിങ്ങ് | 107450/18-19 | 337157.94 | 10115 | 22001276/06.01.21 | 347273 (MG R) |

| | | | | | | |
|---|---|---|---|---|---|---|
| 5 | 402/21 അരവൂർ അംഗൻവാടി റോഡ് | 90553/18-19 | 479318 | 14380 | 22001687/25.02.21 | 493698 (CFC G) |
| | ആകെ | | | 60169 | | |

ഇപ്രകാരം അനർഹമായി GST Compensation ഇനത്തിൽ അനുവദിച്ച് നൽകിയ 60169 രൂപയുടെ ചെല ക്രമത്തിലല്ല എന്ന് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.63/31.01 എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വ ഉത്തരവ് പ്രകാരം തുക അനുവദിക്കാം എന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ ത വ്യക്തമാക്കിയ 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരം ഉൾപ്പെടുത്തിയ ബിറ്റുമിന് നിരക്ക് ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതെങ്കിൽ മാത്രമാണ് ആ ഉത്തരവിൽ വ്യക്തമാക്കിയ GST Compensa ന് അർഹത. 2018-19 സാമ്പത്തിക വർഷത്തിൽ സാങ്കേതികാനുമതി നൽകിയ മേൽ വിവര പ്രവൃത്തികളിൽ ഉൾപ്പെട്ട ബിറ്റുമിൻ നിരക്ക് PRICE സോഫ്റ്റ് വെയർ പ്രകാരം ചീഫ് എഞ്ചിനീയറുടെ 04.0 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരമോ, 03.10.18 ലെ സർക്കുലർ നം. CE/R&B/PRICE/672 പ്രകാരമോ പ്രസിദ്ധപ്പെടുത്തിയ നിരക്കാണ്. പ്രസ്തുത നിരക്കുകൾ ചീഫ് എഞ്ചിനീ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് GST സഹിതമാണ്. അതിനാൽ തന്നെ GST Compensation ന് അർഹ നഷ്ടപ്പെടുന്നു.

മേൽ വിവരിച്ച കാരണങ്ങളാൽ മറുപടി പരിഗണനാർഹമല്ല. അതിനാൽ 60169 രൂപയുടെ ചെല ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-77 മെറ്റീരിയൽ റിക്കവറി സെന്ററിന്റെ നിർമ്മാണം- തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.</u>

I)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 533/20, 606/21 |
| പ്രൊജക്ട് | മെറ്റീരിയൽ റിക്കവറി സെന്റർ - മിനി |

| | |
|---|---|
| | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുണ്ടത്തിക്കോട് |
| സാങ്കേതികാനുമതി | 107455/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/146165 Dtd. 30.12.18 |
| സാങ്കേതികാനുമതി തുക | 12,00,000 രൂപ |
| കരാറുകാരൻ | ശ്രീ. വിനീഷ്.ഇ.വി |
| കരാർ നിരക്ക് | 11,71,760 രൂപ |
| കരാർ ഉടമ്പടി | 251/18-19/AE/LSGD/WKY/Dtd. 01.03.19 |
| എം.ബുക്ക് | 18/19-20, 43/19-20 |
| വൗച്ചർ നമ്പർ, തുക ചെക്ക് നമ്പർ,തുക | 22000116/12.04.20 = 2,00,000 ( DF G)<br>1762436/31.03.20 = 2,57,552 (OF)<br>001985/01.01.21 = 3,84,036 (ശുചിത്വമിഷൻ)<br>001987/27.01.21 = 2,55,658 (ശുചിത്വമിഷൻ) |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭ്യമായ ഫയൽ രേഖകൾ പരിശോധിച്ചു. ഇതനുസരിച്ച് കണ്ടെത്ത് അപാകതകൾ താഴെ ചേർക്കുന്നു.

1) ഫയൽ നം.PW2 763/19 ലെ രേഖപ്പെടുത്തൽ പ്രകാരം നഗരസഭയുടെ ആര്യംപാടം പ്രദേശത്താണ്
പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത് എന്നാണ് കാണുന്നത്. വിവിധ തരത്തിലുള്ള അജൈവ മാലിന്യ
തരം തിരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനുള്ള ഷീറ്റ് മേൽക്കൂരയോട് കൂടിയ 136 ച
വിസ്തീർണ്ണത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ള
ആര്യംപാടം പ്രദേശത്ത് അടക്കം മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനായി 87219/2016
നംപരായി സാങ്കേതികാനുമതി ലഭിച്ച് പ്രവൃത്തി ശ്രീ. വി.അശോകൻ കരാർ ഏറ്റെടുത്തിരുന്നതും ആ
ഈ കരാർ നില നിൽക്കെ ആര്യംപാടം പ്രദേശത്ത് മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനാ
മറ്റൊരു പ്രോജക്ട് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ക്രമവിരുദ്ധമാണ്.

2) ഈ കെട്ടിടം നിർമ്മിച്ച മുണ്ടത്തിക്കോട് വില്ലേജിലെ സർവ്വേ നംപർ 84/5 വസ്തുവുമായി ബന്ധ
മുൻസിപ്പാലിറ്റിയും സ്വകാര്യവ്യക്തിയും തമ്മിൽ തർക്കം നിലനിൽക്കുന്നതായാണ് ഫയലി
രേഖപ്പെടുത്തൽ പ്രകാരം കാണുന്നത്. ഇത് സംബന്ധിച്ച് ഭൂരേഖ തഹസിൽദാർ തലപ്പിള്ളി യുടെ 07.03.20
നം.B6/10768/2019 നംപർ താൽക്കാലിക ഉത്തരവിനെ തുടർന്ന് അന്തിമ ഉത്ത
പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്.

3) ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലാണ് കരാറുകാരന് (വ്യത്യസ്ത ആക്കൗണ്ടുകളിൽ നിന്നായി) മേ
വിവരിച്ച പ്രകാരം അനുവദിച്ചിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം ഇനം 44 – പി.വി.സി വാട്ടർട
സ്ഥാപിക്കുന്ന പ്രവൃത്തി കരാറുകാരൻ ചെയ്തിട്ടില്ല. ഇതിനുപുറമേ ഇനം -8, 48, 49, 53, 54, 57 എന്ന
കരാറുകാരൻ നിർവ്വഹിച്ചിട്ടില്ല.

4) മെറ്റീരിയൽ റിക്കവറി സെന്ററിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ട
ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ അഭാവത്തിൽ ഈ സെന്ററിന്റെ തുടർപ്രവർത്തനം എപ്രകാരമാ
സാധ്യമാകുക എന്നും വ്യക്തമല്ല.

5) മെറ്റീരിയൽ റിക്കവറി സെന്ററിലേക്കാവശ്യമായ ജലസ്രോതസ്സ് അടയാളപ്പെടുത്തിയിട്ടില്ല.

6) നഗരസഭയുടെ 2019-20 വർഷത്തെ സുലേഖപത്രിക പ്രകാരം ഈ പ്രവൃത്തിക്കായി ടി- വർഷത്തിൽ 641
രൂപയും, 2020-21 വർഷത്തിൽ 839694 രൂപയും ചെലവുണ്ട്. ഇപ്രകാരം ആകെ 14,81,282 രൂപ
പ്രവൃത്തിക്കായി ചെലവഴിച്ചതായാണ് സുലേഖപത്രിക പ്രകാരം കാണുന്നത്. എന്നാ
മൂല്യനിർണ്ണയപ്രകാരവും ഫയലിലെ രേഖപ്പെടുത്തൽ പ്രകാരവും 10,97,246 രൂപയാണ് ചെലവ്.
വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, പ്രവൃത്തി ലക്ഷ്യം നേടിയെന്ന് ഉറപ്പാകാ
സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എഴുതി നൽകേണ്ടതുമാണ് എന്ന് കാണ
നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.68/01.02.22) എഞ്ചിനീയർ മറു
ലഭ്യമാക്കുകയുണ്ടായി. എഞ്ചിനീയറുടെ മറുപടി പ്രകാരം മെറ്റീരിയൽ റിക്കവറി സെന്
സ്ഥാപിക്കുന്നതിനായി 87219/2016-17 നമ്പറായി സാങ്കേതികാനുമതി ലഭിച്ച് ശ്രീ. വി.അശോകൻ കരാർ െ
ഏറ്റെടുത്തിട്ടുള്ള പ്രവൃത്തിയുമായി ഈ പ്രവൃത്തിക്ക് ബന്ധമൊന്നും ഇല്ല എന്നാണ് അറിയിച്ചിട്ടുള്ള
എന്നാൽ ഓഡിറ്റിൽ ഉന്നയിക്കപ്പെട്ട അടിസ്ഥാനപരമായ ചോദ്യം അജൈവ മാലിന്യങ്ങളുടെ കളക്ഷ
പുന:ചംക്രമണത്തിനുമായാണ് സാധാരണഗതിയിൽ മെറ്റീരിയൽ റിക്കവറി സെന്ററായാലും, റിസേ
റിക്കവറി സെന്ററായാലും ഉപയോഗപ്പെടുത്തുന്നത് എന്നിരിക്കെ ഇപ്രകാരം രണ്ട് കളക്ഷൻ സെന്ററുക
രണ്ട് വ്യത്യസ്ത പ്രോജക്ടുകളിലായി ആര്യംപാടം പ്രദേശത്ത് സ്ഥാപിക്കേണ്ട ആവശ്യക
വ്യക്തമാക്കിയിട്ടില്ല എന്നതാണ്. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ഈ പദ്ധതി
ആവശ്യമായ ഇലക്ട്രിഫിക്കേഷൻ, ജലസ്രോതസ്സ് എന്നിവ നാളിതുവരെ പൂർത്തിയായിട്ടില്ല എന്നാ
എഞ്ചിനീയറുടെ മറുപടിയിലും കാണുന്നത്. മേൽ വിവരിച്ച കാരണങ്ങളാൽ എഞ്ചിനീയറുടെ മറു
പരിഗണനാർഹമല്ല.

അതിനാൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ
നേടിയിട്ടില്ലാത്തതാണ്. വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവത്തിൽ പ്രോജക്ടുക
ലക്ഷ്യം നേടാതെ അവസാനിക്കുന്നത് ഒഴിവാക്കാൻ നഗരസഭയുടെ ഭാഗത്തുനിന്നും അസറ്റ് മാനേജ്മെ
മാന്വൽ വ്യവസ്ഥപ്പെടുത്തിയ പ്രകാരമുള്ള തുടർ നടപടി അനിവാര്യമാണ്.

## 1-78 മൂല്യനിർണ്ണയത്തേക്കാൾ അധികമായി പിൻവലിച്ച തുക തിരിച്ചടവാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 434/20, 282/21, 188/22 |
| പ്രൊജക്ട് | എ.കെ.ജി നഗർ കുട്ടൻകുളം റോഡ് ടാറിങ്ങ് റീ ടാറിങ്ങ് |
| സാങ്കേതികാനുമതി | 100297/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/132151 Dtd. 26.11.18 |
| | |

| | |
|---|---|
| സാങ്കേതികാനുമതി തുക | 5,00,000 രൂപ |
| കരാറുകാരൻ | ശ്രീ. വിനീഷ്. ഇ. വി |
| കരാർ നിരക്ക് | 493992.03 |
| കരാർ ഉടമ്പടി | 246/AE/LSGD/ Dtd. 01.03.19 |
| എം.ബുക്ക് | 65/19-20 |
| വൗച്ചർ നമ്പർ, തുക | 21901072/18.12.19 = 2,15,174 ( MG R)<br>22001814/29.03.21 = 34,826 ( MG R) |

